2026
July
18
SATURDAY

www.societytodaynews.com
# സൊസൈറ്റി ടുഡേ
SOCIETY TODAY e-paper




# ഫെഡറൽ ബാങ്കിന് 37% ലാഭക്കുതിപ്പ്; ബിസിനസ് 6 ലക്ഷം കോടിയിലേക്ക്, ഓഹരിക്ക് റെക്കോർഡ്




**കൊച്ചി:** ആലുവ ആസ്ഥാനമായ പ്രമുഖ സ്വകാര്യ ബാങ്കായ ഫെഡറൽ ബാങ്കിന് നടപ്പു സാമ്പത്തിക വർഷത്തെ (2026-27) ആദ്യപാദമായ ഏപ്രിൽ-ജൂണിലെ ലാഭത്തിൽ വമ്പൻ കുതിപ്പ്. മുൻവർഷത്തെ സമാനപാദത്തിലെ 862 കോടി രൂപയിൽ നിന്ന് 37% മുന്നേറ്റവുമായി 1177 കോടി രൂപയുടെ റെക്കോർഡ് ലാഭമാണ് നേടിയതെന്ന് ബാങ്ക് വ്യക്തമാക്കി.

പ്രവർത്തനമികവിന്റെ അളവുകോലുകളിൽ മിക്കതിലും കഴിഞ്ഞപാദം മികവുകാട്ടാൻ ഫെഡറൽ ബാങ്കിന് കഴിഞ്ഞു. ഇത് ബാങ്കിന്റെ ഓഹരികളുടെ റെക്കോർഡ് മുന്നേറ്റത്തിനും വഴിവച്ചു. എൻഎസ്ഇയിൽ ഇന്ന് അവസാന സെഷനിലേക്ക് കടക്കുമ്പോൾ ഓഹരിവിലയുള്ളത് 7 ശതമാനം നേട്ടവുമായി 351 രൂപയിൽ.

കഴിഞ്ഞപാദ പ്രവർത്തനലാഭം വാർഷികാടിസ്ഥാനത്തിൽ 22% വർധിച്ച് സർവകാല ഉയരമായ 1897 കോടി രൂപയിലെത്തി. പലിശവരുമാനം 8% ഉയർന്ന് 7238 കോടി രൂപ. അറ്റ പലിശവരുമാനം (എൻഐഐ) 2337 കോടി രൂപയിൽ നിന്ന് 2946 കോടി രൂപയായും വർധിച്ചു; ഇതും റെക്കോർഡാണ്.

അറ്റ പലിശ മാർജിൻ (എൻഐഎം) 3.20 ശതമാനത്തിൽ നിന്ന് 3.33 ശതമാനത്തിലേക്ക് ഉയർന്നതും നേട്ടമായി. മൊത്തം നിഷ്ക്രിയ ആസ്തി (ജിഎൻപിഎ) അഥവാ മൊത്തം കിട്ടാക്കട അനുപാതം 1.91 ശതമാനത്തിൽ നിന്ന് 1.52 ശതമാനത്തിലേക്ക് താഴ്ന്നു. അറ്റ നിഷ്ക്രിയ ആസ്തി (എൻഎൻപിഎ) 0.48 ശതമാനത്തിൽ നിന്ന് ദശാബ്ദത്തിലെ ഏറ്റവും താഴ്ചയായ 0.18 ശതമാനത്തിലെത്തി. പുതിയ വായ്പകൾ കിട്ടാക്കടമായി മാറുന്നത് (ഫ്രഷ് സ്ലിപ്പേജസ്) 38% കുറഞ്ഞതും ശ്രദ്ധേയ നേട്ടമാണ്. പ്രതി ഓഹരി ലാഭം (ഏർണിങ്സ് പെർ ഷെർ/ഇപിഎസ്) 36.06% ഉയർന്ന് 19.15 രൂപയായി.

ബാങ്കിന്റെ മൊത്തം ബിസിനസ് 6 ലക്ഷം കോടി രൂപയെന്ന നാഴികക്കല്ലിന് തൊട്ടരികിലെത്തി. കഴിഞ്ഞപാദത്തിൽ ഇത് 13.05% ഉയർന്ന് 5.97 ലക്ഷം കോടി രൂപയാണ്. മൊത്തം ബിസിനസിൽ കേരളം ആസ്ഥാനമായ ബാങ്കുകളിൽ ഏറ്റവും മുന്നിലാണ് ഫെഡറൽ ബാങ്ക്. ബാങ്കിന്റെ മൊത്തം നിക്ഷേപങ്ങൾ 11.37% വർധിച്ച് 3.20 ലക്ഷം രൂപയും വായ്പകൾ 15% ഉയർന്ന് 2.81 ലക്ഷം കോടി രൂപയുമായി. കറന്റ് അക്കൗണ്ട് സേവിങ്സ് അക്കൗണ്ട് അനുപാതം (കാസ റേഷ്യോ) 1.88% ഉയർന്ന് 32.23 ശതമാനമായി. പ്രവാസി നിക്ഷേപം (എൻആർ ഡെപ്പോസിറ്റ്/എൻആർഇ/ഒഎൻആർ) 1.05 ലക്ഷം കോടി രൂപയിലെത്തി; വർധന 14.24%.

വെല്ലുവിളികൾ നിറഞ്ഞ സാഹചര്യത്തിലും ലാഭത്തിൽ 37% വർധന നേടാനായത് ബാങ്കിന്റെ പ്രവർത്തനമികവും സുശക്തമായ അടിത്തറയുമാണ് വ്യക്തമാക്കുന്നതെന്ന് മാനേജിങ് ഡയറക്ടറും സിഇഒയുമായ കെ.വി.എസ്.മണിയൻ പറഞ്ഞു. മുഖ്യ പ്രവർത്തനമേഖലയിൽ (കോർ ബിസിനസ്) നിന്നാണ് നേട്ടമെന്നതും ശ്രദ്ധേയമാണ്. അറ്റ പലിശ വരുമാനം (എൻഐഐ) 26% ഉയർന്നു. അറ്റ പലിശ മാർജിൻ (എൻഐഎം) മെച്ചപ്പെടാനും ഇതു സഹായിച്ചു. ബാങ്ക് ഏറ്റവുമധികം ഊന്നൽ നൽകുന്നതും ഇതിനാണെന്നും അദ്ദേഹം പറഞ്ഞു.

# സെമികണ്ടക്ടർ, മൊബൈൽ ഉൽപാദനം കൂട്ടണം, 1.9 ലക്ഷം കോടി രൂപയുടെ വൻ പദ്ധതി പ്രഖ്യാപിച്ച് കേന്ദ്രസർക്കാർ



**ന്യൂഡൽഹി:** രാജ്യത്ത് ഇലക്ട്രോണിക് ചിപ്പുകളുടെയും (സെമികണ്ടക്ടർ), മൊബൈൽ ഫോണുകളുടെയും ഉൽപാദനം വർധിപ്പിക്കുന്നതിന് 1.9 ലക്ഷം കോടി രൂപയുടെ പദ്ധതികൾക്ക് കേന്ദ്രമന്ത്രിസഭായോഗം അംഗീകാരം നൽകി.

സെമികണ്ടക്ടർ ഡിസൈനിങ്ങിലും നിർമാണത്തിലുമുള്ള കഴിവുകൾ വർധിപ്പിക്കാൻ ലക്ഷ്യമിട്ടുള്ള 1.27 ലക്ഷം കോടി രൂപയുടെ 'സെമികോൺ 2.0' പദ്ധതിക്കും, 62,500 കോടി രൂപയുടെ മൊബൈൽ ഫോൺ നിർമാണ പദ്ധതിക്കുമാണ് (എംപിഎംഎസ്) അംഗീകാരം നൽകിയത്.

ഇന്ത്യ സെമികണ്ടക്ടർ മിഷന്റെ ആദ്യഘട്ടത്തിന്റെ തുടർച്ചയായാണ് പുതിയ സെമികണ്ടക്ടർ പദ്ധതി. ചിപ്പ് ഡിസൈൻ, ഫാബ്രിക്കേഷൻ സൗകര്യങ്ങൾ, ടെസ്റ്റിങ്, ഗവേഷണം അടക്കം 6 പ്രധാന മേഖലകളിലാകും പദ്ധതി ശ്രദ്ധ കേന്ദ്രീകരിക്കുക. പദ്ധതിയുടെ അവസാനഘട്ടത്തിൽ തദ്ദേശീയ ചിപ്പുകളുടെ ഉൽപാദനത്തിൽ രാജ്യം സ്വയംപര്യാപ്തത കൈവരിക്കുമെന്ന് കേന്ദ്രമന്ത്രി അശ്വിനി വൈഷ്ണവ് പറഞ്ഞു.

പുതിയ പദ്ധതിയിലൂടെ ഏകദേശം 4 ലക്ഷം കോടി രൂപയുടെ നിക്ഷേപം ആകർഷിക്കാനും 2 ലക്ഷം കോടി രൂപയുടെ സെമികണ്ടക്ടർ ഉൽപാദനം നടത്താനും കഴിയുമെന്നാണ് സർക്കാർ പ്രതീക്ഷിക്കുന്നത്. ഉൽപാദനവുമായി ബന്ധിപ്പിച്ച ആനുകൂല്യങ്ങൾ (പിഎൽഐ) നൽകുന്നതാണ് 62,500 കോടി രൂപയുടെ മൊബൈൽ ഫോൺ നിർമാണ പദ്ധതി.

ഉൽപന്ന രൂപകൽപനയിലടക്കം നിക്ഷേപം നടത്തുന്ന ഇന്ത്യൻ കമ്പനികൾക്കും അധിക പിന്തുണയും നൽകും. പദ്ധതിയിലൂടെ 39 ലക്ഷം കോടി രൂപയുടെ ഉൽപാദനം നടക്കുമെന്നാണ് സർക്കാരിന്റെ കണക്കുകൂട്ടൽ.

# ഇൻസ്റ്റമാർട്ട് വഴി ഇനി എൽപിജി സിലിണ്ടറും വാങ്ങാം; എത്തുന്നത് 10 കിലോ തൂക്കമുള്ള 'നവ്യ'

**ബെംഗളൂരു:** ക്വിക് കൊമേഴ്സിലേക്ക് ഇനി എൽപിജി സിലിണ്ടറും. പലചരക്ക് സാധനങ്ങളും പാലും പച്ചക്കറിയും പോലെ സ്വിഗ്ഗിയുടെ ഇൻസ്റ്റമാർട്ട് വഴി 10 കിലോഗ്രാം സിലിണ്ടറുകൾ വീട്ടിലെത്തിക്കാൻ പൊതുമേഖലാസ്ഥാപനമായ എച്ച്പിസിഎലിന്റെ പദ്ധതി ബെംഗളൂരുവിൽ തുടങ്ങി. എച്ച്പിയുടെ 10 കിലോഗ്രാം തൂക്കമുള്ള നവ്യ സിലിണ്ടറുകളാണ് ഇൻസ്റ്റമാർട്ട് വഴി തിരഞ്ഞെടുക്കപ്പെട്ട കേന്ദ്രങ്ങളിൽ ഓർഡർ ചെയ്യാനാകുന്നത്. എച്ച്പിയുടെ 5 കിലോഗ്രാം സിലിണ്ടറുകളും ഇൻസ്റ്റമാർട്ടിലൂടെ എളുപ്പം ലഭിക്കും.




# ഒന്നാം പാദത്തിൽ തിളങ്ങി സൗത്ത് ഇന്ത്യൻ ബാങ്ക്

**തൃശൂർ:** തൃശൂർ ആസ്ഥാനമായ സൗത്ത് ഇന്ത്യൻ ബാങ്കിന് നടപ്പു സാമ്പത്തിക വർഷത്തിലെ (2026-27) ആദ്യ പാദത്തിൽ 377.63 കോടി രൂപയുടെ ലാഭം. മുൻവർഷത്തെ സമാനപാദത്തിൽ ഇത് 321.95 കോടി രൂപയായിരുന്നു. 17.29 ശതമാനത്തിന്റെ വർധന. ബാങ്കിന്റെ മൊത്ത പലിശ വരുമാനം 23.05% വളർന്ന് 1205 കോടി രൂപയിലെത്തി.ഇത് റെക്കോർഡാണ്.

ബാങ്കിന്റെ ചില്ലറ നിക്ഷേപം 1,09,368 കോടി രൂപയിൽ നിന്ന് 1,24,306 കോടി രൂപയായി വർധിച്ചു. മുൻവർഷത്തേക്കാൾ 14,938 കോടി രൂപ കൂടി. 13.66% വളർച്ച. പ്രവാസി നിക്ഷേപം 12.82% വർധിച്ച് 36,432 കോടി രൂപയിലെത്തി. മുൻ വർഷം ഇത് 32,293 കോടി രൂപയായിരുന്നു. 4139 കോടി രൂപയുടെ വർധന. കറന്റ് അക്കൗണ്ട്, സേവിങ്സ് അക്കൗണ്ടുകളിലെ (കാസ) നിക്ഷേപത്തിൽ 14.61% കൂടി.



## ഇൻഡക്ഷൻ-ഓറിയന്റേഷൻ: വിദ്യാർത്ഥികൾക്ക് നിയമ-സാമൂഹിക അവബോധ ക്ലാസുകൾ സംഘടിപ്പിച്ചു

**കൊച്ചി:** കൊച്ചി ശാസ്ത്ര സാങ്കേതിക സർവകലാശാല ( കുസാറ്റ്) യിൽ  പ്രൊഫ. എൻ.ആർ. മാധവ മേനോൻ ഇന്റർഡിസിപ്ലിനറി സെന്റർ ഫോർ റിസർച്ച് എത്തിക്സ് ആൻഡ് പ്രോട്ടോക്കോൾസ് ഇൻഡക്ഷൻ ആൻഡ് ഓറിയന്റേഷൻ പ്രോഗ്രാം 2026-ന്റെ ഭാഗമായി വിദ്യാർത്ഥികൾക്കായി നിയമ-സാമൂഹിക അവബോധ സെഷനുകൾ സംഘടിപ്പിച്ചു. റാഗിംഗ് വിരുദ്ധ ബോധവൽക്കരണം, 'മയക്കുമരുന്ന് വിരുദ്ധ ബോധവൽക്കരണം: നിയമവും പ്രായോഗികവും', തൊഴിൽസ്ഥലങ്ങളിലെ സ്ത്രീകൾക്കെതിരായ ലൈംഗികാതിക്രമം (പ്രതിരോധം, നിരോധനം, പരിഹാരം) നിയമം, 2013 എന്നിവയായിരുന്നു സെഷനുകളുടെ വിഷയങ്ങൾ.

സുരക്ഷിതവും ഉൾക്കൊള്ളുന്നതുമായ ക്യാമ്പസ് അന്തരീക്ഷം വളർത്തുന്നതിനും വിദ്യാർത്ഥികളിൽ നിയമബോധവും സാമൂഹിക ഉത്തരവാദിത്തബോധവും ശക്തിപ്പെടുത്തുന്നതിനുമാണ് പരിപാടി ലക്ഷ്യമിട്ടത്. ഐ.സി.ആർ.ഇ.പി. സീനിയർ റിസർച്ച് ഫെലോ ആരതി കെ.ബി. റാഗിംഗ് വിരുദ്ധ സെഷൻ നയിച്ച് റാഗിംഗിന്റെ നിയമപരവും സാമൂഹികവുമായ പ്രത്യാഘാതങ്ങൾ, യു.ജി.സി. ചട്ടങ്ങൾ, പരാതി പരിഹാര സംവിധാനങ്ങൾ എന്നിവ വിശദീകരിച്ചു.

റിസർച്ച് ഫെലോ ലസിത മണികണ്ഠ് നയിച്ച മയക്കുമരുന്ന് വിരുദ്ധ സെഷനിൽ  നിയമം, ലഹരിവിരുദ്ധ പ്രവർത്തനങ്ങൾ, ഉത്തരവാദിത്തപൂർണമായ ജീവിതശൈലിയുടെ പ്രാധാന്യം എന്നിവ അവതരിപ്പിച്ചു. റിസർച്ച് ഫെലോ മീതു ആർ. നയിച്ച നിയമ സെഷനിൽ ലൈംഗികാതിക്രമം തടയുന്നതിനുള്ള നിയമവ്യവസ്ഥകൾ, പരാതി നടപടിക്രമങ്ങൾ, ഇന്റേണൽ കമ്പ്ലെയിന്റ്സ് കമ്മിറ്റി  ഉൾപ്പെടെയുള്ള പരാതി പരിഹാര സംവിധാനങ്ങൾ വിശദീകരിച്ചു. യഥാർഥ സംഭവങ്ങൾ ഉൾപ്പെടുത്തിയ സെഷനുകൾ വിദ്യാർത്ഥികളിൽ നിയമബോധവും പരസ്പര ബഹുമാനവും ഉത്തരവാദിത്തമുള്ള ക്യാമ്പസ് സംസ്കാരവും വളർത്തേണ്ടതിന്റെ പ്രാധാന്യവും ബോധ്യപ്പെടുത്തി.

## കുസാറ്റ്: റിയൽ ടൈം അഡ്മിഷൻ

**കൊച്ചി:** കൊച്ചി ശാസ്ത്ര സാങ്കേതിക സർവകലാശാലയിലെ (കുസാറ്റ്) വിവിധ വകുപ്പുകളിലേക്കുള്ള റിയൽ ടൈം അഡ്മിഷൻ നടത്തുന്നു.

### അപ്ലൈഡ് കെമിസ്ട്രി വകുപ്പ്

എം.എസ്.സി. കെമിസ്ട്രി പ്രോഗ്രാമിലേക്കുള്ള ആദ്യ റിയൽ ടൈം അഡ്മിഷൻ ജൂലൈ 20-ന് രാവിലെ 9 മുതൽ 10.30 വരെ അപ്ലൈഡ് കെമിസ്ട്രി വകുപ്പിൽ നടക്കും. കൂടുതൽ വിവരങ്ങൾക്ക് https://admissions.cusat.ac.in എന്ന വെബ്സൈറ്റ് സന്ദർശിക്കുക.

### നാഷണൽ സെന്റർ ഫോർ അക്വാട്ടിക് ആനിമൽ ഹെൽത്ത്

എം.ടെക് സിന്തറ്റിക് ബയോളജി ആൻഡ് ബയോമാനുഫാക്ചറിംഗ് പ്രോഗ്രാമിലേക്കുള്ള റിയൽ ടൈം അഡ്മിഷൻ ജൂലൈ 21-ന് രാവിലെ 10 മണിക്ക് മറൈൻ സയൻസ് ക്യാമ്പസിലെ നാഷണൽ സെന്റർ ഫോർ അക്വാട്ടിക് ആനിമൽ ഹെൽത്തിൽ നടക്കും. കൂടുതൽ വിവരങ്ങൾക്ക് https://admissions.cusat.ac.in എന്ന വെബ്സൈറ്റ് സന്ദർശിക്കുക.

### അറ്റ്മോസ്ഫെറിക് സയൻസസ് വകുപ്പ്

എം.എസ്.സി. മെറ്റീരിയോളജി പ്രോഗ്രാമിലേക്കുള്ള റിയൽ ടൈം അഡ്മിഷൻ ജൂലൈ 21-ന് രാവിലെ 11 മണിക്ക് അറ്റ്മോസ്ഫെറിക് സയൻസസ് വകുപ്പിൽ നടക്കും. കൂടുതൽ വിവരങ്ങൾക്ക് https://admissions.cusat.ac.in എന്ന വെബ്സൈറ്റ് സന്ദർശിക്കുക. ഫോൺ: 0484-2863804

### സ്റ്റാറ്റിസ്റ്റിക്സ് വകുപ്പ്

എം.എസ്.സി. സ്റ്റാറ്റിസ്റ്റിക്സ്, അഞ്ച് വർഷ ഇന്റഗ്രേറ്റഡ് എം.എസ്.സി. സ്റ്റാറ്റിസ്റ്റിക്സ് പ്രോഗ്രാമുകളിലെ എസ്.സി./എസ്.ടി. സീറ്റുകളിലേക്കുള്ള പ്രത്യേക റിയൽ ടൈം അഡ്മിഷൻ ജൂലൈ 20-ന് രാവിലെ 9.30 മുതൽ 10.30 വരെ സ്റ്റാറ്റിസ്റ്റിക്സ് വകുപ്പിൽ നടക്കും. കൂടുതൽ വിവരങ്ങൾക്ക് https://admissions.cusat.ac.in എന്ന വെബ്സൈറ്റ് സന്ദർശിക്കുക. ഫോൺ: 0484-2862471, 9446465262

### ഇലക്ട്രോണിക്സ് വകുപ്പ്

എം.ടെക് വി.എൽ.എസ്.ഐ. & എംബഡഡ് സിസ്റ്റംസ് പ്രോഗ്രാമിലേക്കുള്ള രണ്ടാം റിയൽ ടൈം അഡ്മിഷൻ ജൂലൈ 21-ന് രാവിലെ 10 മണിക്ക് ഇലക്ട്രോണിക്സ് വകുപ്പിൽ നടക്കും. കൂടുതൽ വിവരങ്ങൾക്ക് https://admissions.cusat.ac.in എന്ന വെബ്സൈറ്റ് സന്ദർശിക്കുക.

### മറൈൻ ജിയോളജി ആൻഡ് ജിയോഫിസിക്സ് വകുപ്പ്

എം.എസ്.സി. മറൈൻ ജിയോളജി, എം.എസ്.സി. മറൈൻ ജിയോഫിസിക്സ് പ്രോഗ്രാമുകളിലേക്കുള്ള റിയൽ ടൈം അഡ്മിഷൻ ജൂലൈ 20-ന് രാവിലെ 10.30-ന് ലേക്ക്സൈഡ് ക്യാമ്പസിലെ മറൈൻ ജിയോളജി ആൻഡ് ജിയോഫിസിക്സ് വകുപ്പിൽ നടക്കും. കൂടുതൽ വിവരങ്ങൾക്ക് https://admissions.cusat.ac.in എന്ന വെബ്സൈറ്റ് സന്ദർശിക്കുക. ഫോൺ: 9446666327, 9869801448




## വിജയത്തിന്റെ അടിത്തറ ശരിയായ മനോഭാവവും കഠിനാധ്വാനവും: ജസ്റ്റിസ് കൗസർ എടപ്പഗത്ത്

**കൊച്ചി:** 'ശരിയായ മനോഭാവം, വായന, കഠിനാധ്വാനം, സ്വഭാവം, സമയനിയന്ത്രണം, പരാജയങ്ങളിൽ നിന്ന് പഠിക്കാനുള്ള കഴിവ് എന്നിവയാണ് വിജയത്തിന്റെ അടിത്തറ,' എന്ന് കേരള ഹൈക്കോടതി ജഡ്ജി ഡോ. ജസ്റ്റിസ് കൗസർ എടപ്പഗത്ത് പറഞ്ഞു. കൊച്ചി ശാസ്ത്ര സാങ്കേതിക സർവകലാശാലയിലെ (കുസാറ്റ്) ഇന്റർയൂണിവേഴ്വേഴ്സിറ്റി സെന്റർ ഫോർ റിസർച്ച് എത്തിക്സ് ആൻഡ് പ്രോട്ടോകോള്സിൽ (ഐ.സി.ആർ.ഇ.പി) പഞ്ചവത്സര വർഷ ബി.എസ്.സി എൽഎൽബി (ഹോണേഴ്സ്) കമ്പ്യൂട്ടർ സയൻസ് കോഴ്സിലേക്ക് പുതുതായി പ്രവേശനം നേടിയ വിദ്യാർത്ഥികൾക്കായി ഇൻഡക്ഷൻ പ്രോഗ്രാം ഉദ്ഘാടനം ചെയ്തു സംസാരിക്കുകയായിരുന്നു അദ്ദേഹം. പ്രത്യേക ആനുകൂല്യങ്ങളേക്കാളും സ്വാധീനങ്ങളേക്കാളും പ്രധാനപ്പെട്ടത് ദൃഢനിശ്ചയവും സ്ഥിരോത്സാഹവും കഠിനാധ്വാനവുമാണെന്ന് അദ്ദേഹം കൂട്ടിച്ചേർത്തു. ചടങ്ങിൽ കുസാറ്റ് വൈസ് ചാൻസലർ പ്രൊഫ. ഡോ. എം ജുനൈദ് ബുഷിരി അധ്യക്ഷത വഹിച്ചു.  വൈസ് ചാൻസലർ പ്രൊഫ. (ഡോ.) ജി. ബി. റെഡ്ഡി, ഐ.സി.ആർ.ഇ.പി ഡയറക്ടറും നിയമ ഫാക്കൽറ്റിയുമായ പ്രൊഫ. (ഡോ.) വാണി കേസരി, അസിസ്റ്റന്റ് പ്രൊഫസറായ സ്വപ്ന മോഹൻ എം എന്നിവർ ചടങ്ങിൽ പങ്കെടുത്തു. എറണാകുളം ജനറൽ ആശുപത്രിയിലെ കൺസൾട്ടന്റ് സൈക്യാട്രിസ്റ്റും ജില്ലാ മാനസികാരോഗ്യ പദ്ധതിയുടെ നോഡൽ ഓഫീസറുമായ ഡോ. ദയ പാസ്കൽ മാനസികാരോഗ്യവും സമ്മർദ്ദനിയന്ത്രണവും എന്ന വിഷയത്തിൽ ബോധവത്കരണ ക്ലാസ് സംഘടിപ്പിച്ചു, എറണാകുളം ജില്ലാ കളക്ടർ ശ്രീമതി പ്രിയങ്ക ജി., ഐ.എ.എസ്., നുവാൽസിലെ പ്രൊഫ. (ഡോ.) അനിൽ ആർ. നായർ, അധ്യാപകനും മെന്ററുമായ സുന്ദരം ഗണേഷ് എന്നിവർ സെഷനുകൾ നയിച്ചു.



## കുസാറ്റിൽ 50 കിലോവാട്ട് ഗ്രിഡ്-കണക്റ്റഡ് സോളാർ വൈദ്യുത നിലയത്തിന്റെ ഉദ്ഘാടനം 20-ന്

**കൊച്ചി:** കൊച്ചി ശാസ്ത്ര സാങ്കേതിക സർവകലാശാലയുടെ (കുസാറ്റ്) തൃക്കാക്കര ക്യാമ്പസിലെ അഡ്മിനിസ്ട്രേറ്റീവ് ബിൽഡിങ്ങിന്റെ മുകൾത്തട്ടിൽ സ്ഥാപിച്ച 50 കിലോവാട്ട് ഗ്രിഡ്-കണക്റ്റഡ് സോളാർ വൈദ്യുത നിലയത്തിന്റെ ഉദ്ഘാടനം ജൂലൈ 20-ന് നടക്കും. പുനരുപയോഗ ഊർജത്തിന്റെ പ്രയോജനപ്പെടുത്തലിനും പരിസ്ഥിതി സൗഹൃദ ക്യാമ്പസ് വികസനത്തിനുമുള്ള സർവകലാശാലയുടെ പ്രതിബദ്ധതയുടെ ഭാഗമായാണ് പദ്ധതി നടപ്പാക്കിയത്.

കുസാറ്റിലെ ഡിഡിയു കൗശൽ കേന്ദ്രമാണ് പദ്ധതി ആവിഷ്കരിക്കുകയും ഏകോപിപ്പിക്കുകയും ചെയ്തത്. സർവകലാശാലയുടെ എൻജിനിയറിംഗ് വിഭാഗം പദ്ധതിയുടെ നിർവഹണം നടത്തി. അങ്കമാലി ആസ്ഥാനമായ കെ.സി. കോപാർ എനർജി സൊല്യൂഷൻസ് (പി) ലിമിറ്റഡ് ആണ് സോളാർ വൈദ്യുത നിലയത്തിന്റെ സ്ഥാപനം നിർവഹിച്ചത്. ജിഎസ്ടിയും മറ്റ് നിയമാനുസൃത ചെലവുകളും ഉൾപ്പെടെ പദ്ധതിയുടെ ആകെ ചെലവ് 21.68 ലക്ഷം രൂപയാണ്.

കൊച്ചിൻ ഷിപ്പ്യാർഡ് ലിമിറ്റഡിന്റെ  കോർപ്പറേറ്റ് സോഷ്യൽ റെസ്പോൺസിബിലിറ്റി) പദ്ധതിയുടെ സാമ്പത്തിക സഹായത്തോടെയാണ് സോളാർ വൈദ്യുത നിലയം സ്ഥാപിച്ചത്. പ്രതിവർഷം ഏകദേശം 73,000 യൂണിറ്റ് ശുദ്ധ വൈദ്യുതി ഉൽപ്പാദിപ്പിക്കാൻ ശേഷിയുള്ള ഈ നിലയം സർവകലാശാലയുടെ വൈദ്യുതി ചെലവും കാർബൺ പുറന്തള്ളലും കുറയ്ക്കുന്നതിനും ക്യാമ്പസിൽ പുനരുപയോഗ ഊർജത്തിന്റെ ഉപയോഗം പ്രോത്സാഹിപ്പിക്കുന്നതിനും സഹായകമാകും. ജൂലൈ 20-ന് സർവകലാശാല വൈസ് ചാൻസലർ ശ്രീ. പ്രൊഫ്. (ഡോ.) എം. ജുനൈദ് ബുഷിരി സോളാർ വൈദ്യുത നിലയത്തിന്റെ ഉദ്ഘാടനം നിർവഹിക്കും. രജിസ്ട്രാർ പ്രൊഫ്. (ഡോ.) അരുൺ എ. യു., കൊച്ചിൻ ഷിപ്പ്യാർഡ് ലിമിറ്റഡ് ജനറൽ മാനേജർ എസ് എച്ച് സന്തോഷ് ഫിലിപ്, സർവകലാശാല ഉദ്യോഗസ്ഥർ, അധ്യാപകർ, മറ്റ് വിശിഷ്ടാതിഥികൾ എന്നിവർ ചടങ്ങിൽ പങ്കെടുക്കും

സൊസൈറ്റി ടുഡേ
SOCIETY TODAY

## എം.ജി സർവകലാശാല

### എം.ജി.യു. ഗ്രാജുവേറ്റ് സ്കൂളിൽ പുതിയ ഇന്റഗ്രേറ്റഡ് ബാച്ചിന് തുടക്കം

മഹാത്മാഗാന്ധി സർവകലാശാലാ ഗ്രാജുവേറ്റ് സ്കൂളിൽ 2026-27 അധ്യയന വർഷത്തിലെ 4+1 ഇൻറഗ്രേറ്റഡ് യുജി/പിജി പ്രോഗ്രാമിന് തുടക്കമായി. ഐ.ഐ.ആർ.ബി.എസ് ഓഡിറ്റോറിയത്തിൽ നടന്ന ചടങ്ങ് സർവകലാശാലാ വൈസ് ചാൻസലർ പ്രൊഫ. (ഡോ.) ഡി. മാവൂതു ഉദ്ഘാടനം ചെയ്തു. ഗ്രാജുവേറ്റ് സ്കൂൾ ജോയിൻറ് ഡയറക്ടർ ഡോ. ഡിറ്റി ഡിക്സൺ സ്വാഗതം ആശംസിച്ച ചടങ്ങിൽ ഡയറക്ടർ പ്രൊഫ. ഡോ. ബൈജു കെ.ആർ. അധ്യക്ഷത വഹിച്ചു. ഗ്രാജുവേറ്റ് സ്കൂളിന്റെ സ്ഥാപക ഡയറക്ടർ പ്രൊഫ. ഡോ. കെ. ജയചന്ദ്രൻ 4+1 ഇൻറഗ്രേറ്റഡ് യുജി/പിജി പ്രോഗ്രാമിൻറെ സവിശേഷതകളും അക്കാദമിക ഘടനയും വിദ്യാർഥികൾക്ക് പരിചയപ്പെടുത്തി.
ഗ്രാജുവേറ്റ് സ്കൂളിലെ ജോയിൻറ് ഡയറക്ടർമാരായ ഡോ. സ്വാതിമോൾ പി. എസ്., ഡോ. ശാന്തിനി പി. വി. എന്നിവർ ചടങ്ങിൽ പങ്കെടുത്തു. ഗ്രാജുവേറ്റ് സ്കൂൾ ജോയിൻറ് ഡയറക്ടർ ഡോ. സ്മിത എസ്. നന്ദി രേഖപ്പെടുത്തി. അധ്യാപകരും ജീവനക്കാരും വിദ്യാർഥികളും ചടങ്ങിൽ സന്നിഹിതരായിരുന്നു.

### സീറ്റൊഴിവ്

സ്കൂൾ ഓഫ് ഇന്ത്യൻ ലീഗൽ തോട്ടിൽ ദ്വിവത്സര എൽ.എൽ.എം (ക്രിമിനൽ ലോ ആൻറ് ഫോറൻസിക്സ് - 2026 അഡ്മിഷൻ) കോഴ്സിൽ എസ്.സി, എസ്.ടി വിഭാഗങ്ങളിൽ ഓരോ സീറ്റ് വീതം ഒഴിവുണ്ട്. അർഹരായ വിദ്യാർത്ഥികൾ യോഗ്യത, സംവരണം എന്നിവ തെളിയിക്കുന്ന അസ്സൽ രേഖകളുമായി ജൂലൈ 20-ന് രാവിലെ 10.30-ന് സ്കൂൾ ഓഫീസിൽ നേരിട്ട് ഹാജരാകേണ്ടതാണ്.

### പരീക്ഷാ കേന്ദ്രം അനുവദിച്ചു

മോഡൽ 2 ബിഎ, ബിഎസ് സി, ബികോം (1998 മുതൽ 2008 വരെ അഡ്മിഷനുകൾ) അവസാന സ്പെഷ്യൽ മെഴ്സി ചാൻസ് പരീക്ഷകൾ ഓഗസ്റ്റ് 5 മുതൽ ഏറ്റുമാനൂരപ്പൻ കോളേജിൽ നടക്കും.

### പ്രാക്ടിക്കൽ

ആറാം സെമസ്റ്റർ ബിഎസ് സി ഫിസിക്സ്(സിബിസിഎസ്) (2023 അഡ്മിഷൻ തോറ്റവർക്കായുള്ള) മെയ് 2026 ന്റെ പ്രാക്ടിക്കൽ പരീക്ഷകൾ ജൂലൈ 20 മുതൽ കാലടി ശ്രീശങ്കര കോളേജിൽ നടക്കും. ടൈം ടേബിൾ വെബ്സൈറ്റിൽ.
ആറാം സെമസ്റ്റർ ബിസിഎ, ബിഎസ് സി കമ്പ്യൂട്ടർ ആപ്ലിക്കേഷൻ മോഡൽ 3 (സിബിസിഎസ്) (പുതിയ സ്കീം-2023 അഡ്മിഷൻ തോറ്റവർക്കായുള്ള) മെയ് 2026 ന്റെ പ്രാക്ടിക്കൽ പരീക്ഷകൾ ജൂലൈ 20 മുതൽ നടക്കും. ടൈം ടേബിൾ വെബ്സൈറ്റിൽ.

### പരീക്ഷയ്ക്ക് അപേക്ഷിക്കാം

രണ്ടാം സെമസ്റ്റർ B.Lib.I.Sc (2025 അഡ്മിഷൻ റഗുലർ, 2024 അഡ്മിഷൻ സപ്ലിമെൻററി) രണ്ടാം സെമസ്റ്റർ B.L.I.Sc (2021 മുതൽ 2023 വരെ അഡ്മിഷനുകൾ മെഴ്സി ചാൻസ്) ജൂലൈ 2026 പരീക്ഷകൾ ഓഗസ്റ്റ് 10 മുതൽ നടക്കും. ജൂലൈ 22 വരെ ഫീസ് അടച്ച് അപേക്ഷിക്കാം. ഫൈനോടുകൂടി ജൂലൈ 23 വരെയും സൂപ്പർ ഫൈനോടുകൂടി ജൂലൈ 24 വരെയും അപേക്ഷ സ്വീകരിക്കും.
ഒന്നാം സെമസ്റ്റർ എംഎഡ് (സ്പെഷ്യൽ എജ്യൂക്കേഷൻ-ലേണിംഗ് ഡിസബിലിറ്റി) (2025 അഡ്മിഷൻ റഗുലർ) പരീക്ഷകൾക്ക് ജൂലൈ 21 വരെ ഫീസ് അടച്ച് അപേക്ഷിക്കാം. ഫൈനോടുകൂടി ജൂലൈ 22 വരെയും സൂപ്പർ ഫൈനോടുകൂടി ജൂലൈ 23 വരെയും അപേക്ഷ സ്വീകരിക്കും.

### പരീക്ഷാഫലം

നാലാം സെമസ്റ്റർ ബിപിഇഎഡ് (2024 അഡ്മിഷൻ റഗുലർ, 2023 അഡ്മിഷൻ സപ്ലിമെൻററി, 2019 മുതൽ 2022 വരെ അഡ്മിഷനുകൾ മെഴ്സി ചാൻസ്) മാർച്ച് 2026 പരീക്ഷാഫലം പ്രസിദ്ധീകരിച്ചു. പുനർ മൂല്യനിർണയത്തിനും സൂക്ഷ്മ പരിശോധനയ്ക്കും ജൂലൈ 30 വരെ ഓൺലൈനിൽ അപേക്ഷിക്കാം.

### അഡ്മിഷൻ

ബിരുദ ഏകജാലകം: പട്ടിക ജാതി -പട്ടിക വർഗ്ഗ വിഭാഗക്കാർക്കായുള്ള രണ്ടാം പ്രത്യേക അലോട്മെൻറ് - ഓൺലൈൻ രജിസ്ട്രേഷൻ ആരംഭിച്ചു. ഓൺലൈൻ രജിസ്ട്രേഷനുള്ള സൗകര്യം നാളെ വൈകുന്നേരം 5.00 മണി വരെ ലഭ്യമായിരിക്കുന്നതാണ്. ബിരുദാനന്തര ബിരുദ ഏകജാലകം: പട്ടിക ജാതി -പട്ടിക വർഗ്ഗ വിഭാഗക്കാർക്കായുള്ള ഒന്നാം പ്രത്യേക അലോട്മെൻറ് -പ്രസിദ്ധീകരിച്ചു. അലോട്മെൻറ് ലഭിച്ചവർ ജൂലൈ 18 വൈകുന്നേരം 4.30നു മുൻപായി കോളേജുകളിൽ നേരിട്ട് ഹാജരായി പ്രവേശനം നേടേണ്ടതാണ്.
ബി എഡ് ഏകജാലകം: പട്ടിക ജാതി -പട്ടിക വർഗ്ഗ വിഭാഗക്കാർക്കായുള്ള ഒന്നാം പ്രത്യേക അലോട്മെൻറ് -പ്രസിദ്ധീകരിച്ചു. അലോട്മെൻറ് ലഭിച്ചവർ ജൂലൈ 18 വൈകുന്നേരം 4.30നു നു മുൻപായി കോളേജുകളിൽ നേരിട്ട് ഹാജരായി പ്രവേശനം നേടേണ്ടതാണ്.



കൊച്ചിൻ പബ്ലിക് സ്കൂളിൽ സംഘടിപ്പിച്ച 'ഫുട്ബോൾ ബിയോൺട് ദി ഫീൽഡ്' എന്ന പരിപാടിയുടെ ഉദ്ഘാടനം സ്കൂൾ പ്രസിൻസിപ്പാൾ ജബീന ഇബ്രാഹിം നിർവ്വഹിക്കുന്നു.

# വേൾഡ്കപ്പ് ഫുട്ബോൾ ആവേശത്തിൽ കൊച്ചിൻ പബ്ലിക് സ്കൂൾ

**കൊച്ചി:** ഫുട്ബോൾ വേൾഡ് കപ്പിനെ പഠനവുമായി സമന്വയിപ്പിച്ച് വിദ്യാർഥികളിൽ സർഗാത്മകത, ആത്മവിശ്വാസം, നേതൃത്വപാടവം, ആശയവിനിമയശേഷി, സഹകരണം, കൂട്ടായ്മ എന്നിവ വളർത്തിയെടുക്കാൻ കൊച്ചിൻ പബ്ലിക് സ്കൂൾ മുഴുവൻ കുട്ടികളെയും പങ്കെടുപ്പിച്ചുകൊണ്ട് 'ഫുട്ബോൾ ബിയോൺട് ദി ഫീൽഡ്' എന്ന പരിപാടി സംഘടിപ്പിച്ചു. ദേശീയ വിദ്യാഭ്യാസ നയത്തിന്റെ ഭാഗമായ തൊഴിൽ നൈപുണ്യ വികസനം എന്ന ആശയത്തിന്റെ കൂടി അടിസ്ഥാനത്തിലാണ് ഫുട്ബോൾ സംയോജിത പഠന പരിശീലന പരിപാടി സംഘടിപ്പിച്ചത്. ഓരോ വിദ്യാർഥിയും ഒരു ഫുട്ബോളുമായി എത്തിയ പ്രഭാത അസംബ്ലിയിൽ ഫുട്ബോളിനെ ആസ്പദമാക്കി ശാസ്ത്രം, ഗണിതശാസ്ത്രം, ഭൂമിശാസ്ത്രം, ചരിത്രം, ഇംഗ്ലീഷ് തുടങ്ങിയ വിഷയങ്ങൾ ഫുട്ബോളിലൂടെ കുട്ടികൾക്ക് അനുഭവാധിഷ്ഠിതമാക്കി. ഫുട്ബോളിന്റെ ശാസ്ത്രീയ വശങ്ങൾ, കളിയുടെ ചരിത്രം, ലോക ഫുട്ബോൾ രാജ്യങ്ങൾ, കായികവുമായി ബന്ധപ്പെട്ട ഭാഷാപ്രയോഗങ്ങൾ എന്നിവ വിദ്യാർഥികൾ അവതരിപ്പിച്ചു. പരിപാടിയുടെ ഉദ്ഘാടനം സ്കൂൾ പ്രിൻസിപ്പൽ ജബീന ഇബ്രാഹിം നിർവ്വഹിച്ചു. സ്കൂൾ മാനേജർ ഡോ. അൻവർ ഹസ്സൈൻ, ഹെഡ് ബോയ് ഹാദിഫ് അഹമ്മദ്, ഹെഡ് ഗേൾ നിമ ഷഫീഖ്, സ്പോർട്സ് ക്യാപ്റ്റൻ ബെർണാർഡ് ലിയോ എന്നിവരും പ്രസംഗിച്ചു. കുട്ടികൾക്കുള്ള പ്രഥമ ശുശ്രൂഷയും അടിയന്തര വൈദ്യസഹായവും ഇടപ്പള്ളി ഫ്യൂച്ചറെയ്സ് ആശുപത്രിയുടെ നേതൃത്വത്തിൽ ലഭ്യമാക്കി.

# പ്രിയദർശിനി പദ്ധതി വൻവിജയമെന്ന് മന്ത്രി സി പി ജോൺ

**തിരുവനന്തപുരം:** സംസ്ഥാന സർക്കാർ കെഎസ്ആർടിസി മുഖേന നടപ്പാക്കിയ സ്ത്രീകൾക്കും ട്രാൻസ്ജെന്റർ വ്യക്തികൾക്കുമുള്ള 'പ്രിയദർശിനി' സൗജന്യ യാത്രാ പദ്ധതി വൻവിജയമായതായി മന്ത്രി സി പി ജോൺ. ഗതാഗത വകുപ്പിന്റെ കഴിഞ്ഞ 50 ദിവസത്തെ പ്രവർത്തനങ്ങൾ വിശദീകരിക്കാൻ തിരുവനന്തപുരം വഴുതക്കാട് ട്രാൻസ് ടവറിലെ കോൺഫറൻസ് ഹാളിൽ നടത്തിയ വാർത്താസമ്മേളനത്തിൽ സംസാരിക്കുകയായിരുന്നു മന്ത്രി.

പ്രിയദർശിനി പദ്ധതിയിൽ ഇതുവരെ 3.81 കോടി സൗജന്യ യാത്രകളാണ് നടത്തിയത്. പ്രതിദിനം യാത്ര ചെയ്യുന്ന സ്ത്രീകളുടെ എണ്ണം 5.5 ലക്ഷത്തിൽ നിന്ന് 12.71 ലക്ഷമായി ഉയർന്നു. നിലവിൽ കെഎസ്ആർടിസി യാത്രക്കാരിൽ 66 ശതമാനവും സ്ത്രീകളാണെന്നും പദ്ധതി കാരണം പുരുഷ യാത്രക്കാരുടെ എണ്ണത്തിൽ കുറവ് വന്നിട്ടില്ലെന്നും മന്ത്രി പറഞ്ഞു. ശ്രീ ചിത്ര തിരുന്നാൾ എഞ്ചിനീയറിങ് കോളേജിന്റെ സഹായത്തോടെ പദ്ധതിയുടെ സാമ്പത്തികവും സാമൂഹികവുമായ വിഷയങ്ങൾ പഠിക്കും. പൊതുഗതാഗത ഉപയോഗം വർധിച്ചതോടെ കാർബൺ ഡയോക്സൈഡ് പുറം തള്ളൽ ഗണ്യമായി കുറഞ്ഞതായി മന്ത്രി പറഞ്ഞു. കാർബൺ ഡയോക്സൈഡ് പെർ ക്യാപ്പിറ്റ പുറം തള്ളലിൽ 100 കിലോഗ്രാം കുറവ് വന്നു. (ആയിരം യാത്രക്കാർക്ക് 504 കിലോഗ്രാം എന്നത് 404 കിലോഗ്രാം ആയി കുറഞ്ഞു). കെഎസ്ആർടിസി ആപ്പിലൂടെ ലഭിച്ച പ്രതികരണങ്ങളിൽ 11572 പേർ പദ്ധതിക്ക് ഫൈവ് സ്റ്റാർ റേറ്റിങ് നൽകിയിട്ടുണ്ടെന്ന് മന്ത്രി പറഞ്ഞു. ഗവി, നെല്ലിയാമ്പതി, പൊന്മുടി, മലക്കപ്പാറ തുടങ്ങിയ വിനോദ സഞ്ചാര കേന്ദ്രങ്ങളിലേക്കുള്ള യാത്രക്കാരുടെ എണ്ണത്തിലും ശ്രദ്ധേയമായ വർധന ഉണ്ടായതായി മന്ത്രി കൂട്ടിച്ചേർത്തു.

വികേന്ദ്രീകരണം, ജനകീയവൽക്കരണം എന്നീ നയങ്ങൾ മുൻനിർത്തിയാണ് ഗതാഗത വകുപ്പ് മുന്നോട്ടുള്ള നടപടികൾ ആവിഷ്ക്കരിക്കുന്നത്. കെഎസ്ആർടിസിയുടെ ഭരണസംവിധാനം കൂടുതൽ ജനകീയമാക്കുന്നതിന്റെ ഭാഗമായി സംസ്ഥാനത്തെ 94 ഡിപ്പോകളിലും അതത് മണ്ഡലങ്ങളിലെ എംഎൽഎമാരെ ചെയർമാന്മാരാക്കി ട്രാൻസ്പോർട്ട് മാനേജ്മെന്റ് കമ്മിറ്റികൾ രൂപീകരിക്കുമെന്ന് മന്ത്രി അറിയിച്ചു. തദ്ദേശ സ്ഥാപന അധ്യക്ഷന്മാരും ജനപ്രതിനിധികളും രാഷ്ട്രീയ കക്ഷി പ്രതിനിധികളും ഉൾപ്പടെ കമ്മിറ്റികളിൽ അംഗങ്ങളാകും.

യാത്രാ സേവനങ്ങൾക്കും പരാതികൾക്കുമായി 24 മണിക്കൂറും പ്രവർത്തിക്കുന്ന കെഎസ്ആർടിസിയുടെ ടോൾ ഫ്രീ കോൾ സെന്റർ നമ്പർ (149) പ്രവർത്തനം ആരംഭിച്ചു. ഇന്ധനക്ഷമതയും സുരക്ഷിത ഡ്രൈവിങ്ങും പ്രോത്സാഹിപ്പിക്കുന്നതിന് ഡ്രൈവർമാർക്കും കണ്ടക്ടർമാർക്കും പ്രത്യേക പ്രോത്സാഹനങ്ങൾ നൽകുമെന്നും മന്ത്രി പറഞ്ഞു.

വാഹന അപകടങ്ങളിൽ ഗുരുതരമായി പരിക്കേറ്റവർക്ക് 1.5 ലക്ഷം രൂപവരെ സൗജന്യ ചികിത്സാ സഹായം ലഭ്യമാക്കുന്ന കേന്ദ്ര സർക്കാരിന്റെ പിഎം റാഹത് പദ്ധതി തിരുവനന്തപുരം മെഡിക്കൽ കോളേജിൽ വിജയകരമായി നടപ്പാക്കി. ഇത് സംസ്ഥാന മൊട്ടാകെ ഉടൻ വ്യാപിപ്പിക്കുമെന്നും അതിനുള്ള നടപടികൾ സ്വീകരിക്കുമെന്നും മന്ത്രി പറഞ്ഞു.

സമൂഹത്തിൽ ഉത്തമമായ ഗതാഗത സംസ്ക്കാരവും മാതൃകാപരമായ ഗതാഗത നിയമപാലനവും പൂർണ സുരക്ഷിതമായ ഗതാഗത സംവിധാനങ്ങളും ലക്ഷ്യമിട്ട് സംസ്ഥാനത്ത് സമഗ്രമായ ഗതാഗത സാക്ഷരതാ യജ്ഞത്തിന് തുടക്കം കുറിക്കും. വിദ്യാർഥികളുടെ പാഠ്യപദ്ധതിയിലും റോഡ് സുരക്ഷ ഉൾപ്പെടുത്തും. കാൽനടയാത്രക്കാരുടെ സുരക്ഷ ഉറപ്പാക്കാൻ തിരക്കേറിയ പ്രധാന റോഡുകളിലെ സീബ്രാ ക്രോസിങ്ങുകളുടെ വീതി 3 മീറ്ററിൽ നിന്ന് 6 മീറ്ററായി വർധിപ്പിക്കുമെന്നും മന്ത്രി അറിയിച്ചു. ഭിന്നശേഷിക്കാർക്കുള്ള കെഎസ്ആർടിസി യാത്രാപാസിന്റെ വരുമാന പരിധി 20,000 രൂപയിൽ നിന്ന് 50,000 രൂപയാക്കി. ഭിന്നശേഷിക്കാർക്കുള്ള വാഹന നികുതി ഇളവിനുള്ള വാഹനവില പരിധി 7 ലക്ഷത്തിൽ നിന്ന് 15 ലക്ഷമായും ഉയർത്തി. പി എസ് സി ലിസ്റ്റിൽ നിന്ന് 60 മോട്ടോർ വെഹിക്കിൾ ഇൻസ്പെക്ടർമാരെ നിയമിച്ചതായും വകുപ്പിലെ പ്രവർത്തന ഏകോപനം സുഗമമാക്കുന്നതിനായി ഗതാഗത വകുപ്പ് മന്ത്രി അധ്യക്ഷനായ പ്രത്യേക കോർഡിനേഷൻ കമ്മിറ്റി എല്ലാ ആഴ്ചയും യോഗം ചേരുമെന്നും മന്ത്രി അറിയിച്ചു.




# ഭക്ഷ്യസുരക്ഷയിൽ വിട്ടുവീഴ്ചയില്ല; ശുചിത്വം ഉറപ്പാക്കി സുരക്ഷിത ഭക്ഷണം ഒരുക്കണം: ആരോഗ്യമന്ത്രി

**തിരുവനന്തപുരം:** ഭക്ഷ്യസുരക്ഷ ഉറപ്പാക്കുന്നതിൽ സർക്കാർ യാതൊരു വിട്ടുവീഴ്ചയും അനുവദിക്കില്ലെന്നും, വൃത്തിയുള്ള അന്തരീക്ഷത്തിൽ സുരക്ഷിതവും ഗുണനിലവാരമുള്ളതുമായ ഭക്ഷണം തയ്യാറാക്കി ജനങ്ങൾക്ക് നൽകേണ്ടത് ഓരോ ഭക്ഷ്യ സംരംഭകന്റെയും ഉത്തരവാദിത്തമാണെന്നും ആരോഗ്യ മന്ത്രി കെ. മുരളീധരൻ പറഞ്ഞു. ഭക്ഷ്യസുരക്ഷാ വകുപ്പിന്റെ ആഭിമുഖ്യത്തിൽ സംഘടിപ്പിച്ച ഭക്ഷ്യസംരംഭകർക്കുള്ള പരിശീലന പരിപാടിയുടെ സംസ്ഥാനതല ഉദ്ഘാടനവും 'യൂത്ത് ഫോർ ഫുഡ് സേഫ്റ്റി' പദ്ധതിയുടെ ഔദ്യോഗിക പ്രഖ്യാപനവും തൈക്കാട് ഭക്ഷ്യസുരക്ഷാ ഭവനിൽ നിർവഹിക്കുകയായിരുന്നു അദ്ദേഹം.

ഭക്ഷ്യസുരക്ഷ ഉറപ്പാക്കുന്നതിൽ യുവജനങ്ങളുടെയും ഭക്ഷ്യസംരംഭകരുടെയും പങ്കാളിത്തം ശക്തിപ്പെടുത്തുകയാണ് പദ്ധതിയുടെ ലക്ഷ്യമെന്ന് മന്ത്രി പറഞ്ഞു. ഭക്ഷ്യസുരക്ഷ സംബന്ധിച്ച അവബോധം സമൂഹത്തിന്റെ എല്ലാ തലങ്ങളിലേക്കും വ്യാപിപ്പിക്കണം. വൃത്തിഹീനമായ ഭക്ഷണശാലകളും ഭക്ഷ്യ ഉൽപ്പാദന കേന്ദ്രങ്ങളും പൊതുജനാരോഗ്യത്തിന് ഭീഷണിയാണെന്ന് മന്ത്രി ചൂണ്ടിക്കാട്ടി. ശുചിത്വക്കുറവും മലിനജല ഉപയോഗവും പാചകരീതികളിലെ അപാകതകളും ഷിഗെല്ല പോലുള്ള രോഗങ്ങൾ പടരാൻ കാരണമാകുന്നുണ്ട്. കുടിവെള്ളം തിളപ്പിച്ചശേഷം മാത്രം നൽകുന്ന രീതി ഉൾപ്പെടെയുള്ള ഭക്ഷ്യസുരക്ഷാ മാനദണ്ഡങ്ങൾ കർശനമായി പാലിക്കണം.

എറണാകുളത്ത് മന്തി ബിരിയാണി കഴിച്ചതിനെ തുടർന്ന് ഭക്ഷ്യവിഷബാധ റിപ്പോർട്ട് ചെയ്തിട്ടുണ്ട്. ഇത്തരം സംഭവങ്ങൾ ഗൗരവമായി കാണുമെന്നും നിയമലംഘനങ്ങൾ കണ്ടെത്തുന്ന സ്ഥാപനങ്ങളിൽ പരിശോധനയും തുടർനടപടികളും ശക്തമാക്കുകയും ചെയ്യും. ഹോട്ടലുകളിലും ഭക്ഷ്യസ്ഥാപനങ്ങളിലും പരിശോധനകൾ കൂടുതൽ വ്യാപിപ്പിക്കുമെന്നും അദ്ദേഹം അറിയിച്ചു.

തട്ടുകടകൾ മുതൽ സ്റ്റാർഹോട്ടലുകൾ വരെയുള്ള എല്ലാ ഭക്ഷ്യശാലകളും ഭക്ഷ്യസുരക്ഷാ മാനദണ്ഡങ്ങൾ പാലിക്കണം. ഓണക്കാലത്ത് കാറ്ററിങ് സ്ഥാപനങ്ങളും ഓണസദ്യ തയ്യാറാക്കുന്നവരും ഭക്ഷണം പാക്ക് ചെയ്യുമ്പോഴും വിതരണം ചെയ്യുമ്പോഴും മാലിന്യം കലരാതെയും ശുചിത്വം ഉറപ്പാക്കിയും പ്രവർത്തിക്കണം. മോശം ഗുണനിലവാരമുള്ള മത്സ്യവും മാംസവും ഉൾപ്പെടെയുള്ള ഭക്ഷ്യവസ്തുക്കളുടെ ഉപയോഗം ആരോഗ്യത്തിന് ഗുരുതരമായ ദോഷം ചെയ്യുമെന്നും അദ്ദേഹം മുന്നറിയിപ്പ് നൽകി.

ഭക്ഷ്യസുരക്ഷ ഉറപ്പാക്കുന്നതിൽ സർക്കാർ സൗഹൃദപരമായ സമീപനമാണ് സ്വീകരിക്കുന്നതെന്നും, നിയമം പാലിക്കുന്ന സംരംഭകർക്ക് എല്ലാ പിന്തുണയും നൽകുകയും ചെയ്യും.ചില ഒറ്റപ്പെട്ട സംഭവങ്ങളുടെ അടിസ്ഥാനത്തിൽ മുഴുവൻ ഭക്ഷ്യശാലകളെയും മോശമായി ചിത്രീകരിക്കരുതെന്നും അദ്ദേഹം അഭിപ്രായപ്പെട്ടു.

കോർപ്പറേഷൻ കൗൺസിലർ സൂര്യ വി. എസ്. അധ്യക്ഷത വഹിച്ചു. ഭക്ഷ്യസുരക്ഷാ വകുപ്പ് കമ്മിഷണർ ശ്രീധന്യ സുരേഷ് സ്വാഗതം ആശംസിച്ചു. ഭക്ഷ്യ സുരക്ഷാ ജോയിന്റ് കമ്മീഷണർ അജി എസ് ആശംസകളർപ്പിച്ചു. ഡെപ്യൂട്ടി ഡയറക്ടർ ഇൻചാർജ് (പി.എഫ്.എ) വൃന്ദ എസ്. നന്ദി രേഖപ്പെടുത്തി. ചടങ്ങിൽ ഭക്ഷ്യസുരക്ഷാ വകുപ്പ് ഉദ്യോഗസ്ഥർ, വിവിധ മേഖലകളിലെ ഭക്ഷ്യസംരംഭകർ, വിദ്യാർഥികൾ എന്നിവർ പങ്കെടുത്തു.

പരിശീലന പരിപാടിയുടെ ലോഗോയും യൂത്ത് ഫോർ ഫുഡ് സേഫ്റ്റിയുടെ പോസ്റ്റർ പ്രകാശനവും മന്ത്രി ചടങ്ങിൽ നിർവഹിച്ചു.

ഓണത്തോടനുബന്ധിച്ച് സംസ്ഥാനത്ത് ഹോട്ടലുകൾ, റെസ്റ്റോറന്റുകൾ, കാറ്ററിങ് സ്ഥാപനങ്ങൾ ഉൾപ്പെടെയുള്ള ഭക്ഷ്യ ഉൽപ്പാദന-വിതരണ മേഖലകളിലെ പ്രവർത്തനങ്ങൾ ഗണ്യമായി വർധിക്കുന്ന സാഹചര്യത്തിൽ ഭക്ഷ്യസുരക്ഷാ മാനദണ്ഡങ്ങൾ കർശനമായി പാലിക്കുന്നതിനും പൊതുജനങ്ങൾക്ക് സുരക്ഷിത ഭക്ഷണം ഉറപ്പാക്കുന്നതിനുമായാണ് സംസ്ഥാനവ്യാപകമായി 'ഈറ്റ് റൈറ്റ് കേരളം സേഫ് ഓണം 2026' ബോധവത്കരണ-പരിശീലന പരിപാടി സംഘടിപ്പിക്കുന്നത്. ജങ്ക് ഫുഡുകളുടെ അമിതോപയോഗം ഉൾപ്പെടെയുള്ള അനാരോഗ്യകരമായ ഭക്ഷണശീലങ്ങൾ യുവജനങ്ങൾക്കിടയിൽ വർധിച്ചുവരുന്ന സാഹചര്യത്തിൽ ആരോഗ്യകരമായ ഭക്ഷണരീതികളെക്കുറിച്ചുള്ള അവബോധം ശക്തിപ്പെടുത്തുന്നതിനായി വിവിധ മേഖലകളിൽ പരിശീലനം നേടിയ യുവജനങ്ങളെ ഉൾപ്പെടുത്തിയാണ് 'യൂത്ത് ഫോർ ഫുഡ് സേഫ്റ്റി' എന്ന പേരിൽ ഭക്ഷ്യസുരക്ഷാ വകുപ്പിന്റെ സന്നദ്ധസേന രൂപീകരിച്ചിട്ടുള്ളത്.




# തിരുവോണം ബംബർ ഭാഗ്യക്കുറി വില്പന ജൂലായ് 20 മുതൽ; ടിക്കറ്റ് പ്രകാശനം മുഖ്യമന്ത്രി നിർവഹിച്ചു

**തിരുവനന്തപുരം:** സംസ്ഥാന ഭാഗ്യക്കുറി വകുപ്പിന്റെ തിരുവോണം ബംബർ ഭാഗ്യക്കുറി ടിക്കറ്റ് പ്രകാശനം മുഖ്യമന്ത്രി വി ഡി സതീശൻ നിർവഹിച്ചു. ജൂലൈ 20 മുതൽ ടിക്കറ്റ് വിപണിയിൽ ലഭ്യമാകും. 500 രൂപയാണ് വില. സെപ്തംബർ 26 നാണ് നറുക്കെടുപ്പ്. സെക്രട്ടേറിയറ്റിലെ മുഖ്യമന്ത്രിയുടെ ഓഫീസിൽ നടന്ന ചടങ്ങിൽ നികുതി വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറി കെ ആർ ജ്യോതിലാൽ, ഭാഗ്യക്കുറി വകുപ്പ് ഡയറക്ടർ അഞ്ജു കെ എസ്, ജോയിന്റ് ഡയറക്ടർമാരായ ഷാജു പി എ, അനിൽകുമാർ കെ എസ് തുടങ്ങിയവർ പങ്കെടുത്തു.

ഒന്നാം സമ്മാനം 30 കോടി രൂപയാക്കി ഉയർത്തിയാണ് ഈ വർഷത്തെ തിരുവോണം ബമ്പർ ഭാഗ്യക്കുറി പുറത്തിറക്കിയിരിക്കുന്നത്. രണ്ടാം സമ്മാനമായി ഒരു കോടി രൂപ വീതം ഇരുപതു പേർക്ക് നൽകും. ഒന്നാം സമ്മാനാർഹമാകുന്ന ടിക്കറ്റ് വില്പന നടത്തുന്ന ഏജന്റിന് മൂന്നു കോടി രൂപ ഏജൻസി സമ്മാനമായും ലഭിക്കും. തിരുവോണം ബമ്പർ ഭാഗ്യക്കുറിയിലൂടെ 22 കോടിപതികളെ സൃഷ്ടിക്കാൻ കഴിയും വിധമാണ് സമ്മാനഘടന രൂപപ്പെടുത്തിയിരിക്കുന്നത്.

മൂന്നാം സമ്മാനം 25 ലക്ഷം വീതം 20 പേർക്കും നാലാം സമ്മാനം 5 ലക്ഷം വീതം 10 പേർക്കും അഞ്ചാം സമ്മാനം 2 ലക്ഷം വീതം 10 പേർക്കും കൂടാതെ 5000 മുതൽ 500 രൂപ വരെയുള്ള ലക്ഷകണക്കിന് സമ്മാനങ്ങളും ഉൾപ്പെടുത്തിയിട്ടുണ്ട്. കഴിഞ്ഞ വർഷത്തെ ഓണം ബമ്പറിന് 28 ശതമാനം ജി എസ് ടി യാണ് ഉണ്ടായിരുന്നത്. എന്നാൽ 21/09/2025 മുതൽ ലോട്ടറിക്കുള്ള ജി എസ് ടി 40 ശതമാനമായി ഉയർത്തിയതിനാൽ ഓണം ബമ്പറിന് 40 ശതമാനം ജി എസ് ടി യാണ് നിലവിലുള്ളത്. ഉയർന്ന ജി എസ് ടി നിരക്കിലും ആകെ സമ്മാനത്തുകയും സമ്മാന നിരക്കും കഴിഞ്ഞ വർഷത്തേതിന് തുല്യമായി നിലനിർത്തിയിട്ടുണ്ട്.

ഏജന്റുമാർക്ക് ഡിസ്കൗണ്ട് നിരക്കിന് പുറമെ ഒരു ടിക്കറ്റിനു ഒരു രൂപ വീതം ഇൻസെന്റീവും അനുവദിച്ചിട്ടുണ്ട്. ആകെ പത്തു പരമ്പരകളിലായി വില്പന പുരോഗതിക്കനുസരിച്ചു 90 ലക്ഷം ടിക്കറ്റുകൾ അച്ചടിക്കാവുന്ന തരത്തിലാണ് സമ്മാനഘടന. വകുപ്പിലെ രജിസ്ട്രേഡ് ഏജന്റുമാർക്കു മാത്രമേ വകുപ്പ് നേരിട്ട് വില്പന നടത്താറുള്ളു. ഉയർന്ന മുഖവിലയുള്ള തിരുവോണം ബമ്പർ ഭാഗ്യക്കുറിയിൽ നിലവിലെ സുരക്ഷാ സംവിധാനങ്ങൾക്ക് പുറമെ ഫ്ലൂറസെന്റ് മഷിയിലുള്ള അച്ചടികൂടി ഉൾപ്പെടുത്തിയിട്ടുണ്ട്. പേപ്പർ ലോട്ടറികൾ മാത്രമാണ് വകുപ്പ് പുറത്തിറക്കുന്നത്. അച്ചടിച്ച പേപ്പർ ലോട്ടറി ടിക്കറ്റുകൾ മാത്രം അംഗീകൃത ഏജന്റുമാരിൽ നിന്നോ വില്പനക്കാരിൽ നിന്നോ നേരിട്ടു വാങ്ങണമെന്നും സോഷ്യൽ മീഡിയ പ്ലാറ്റുഫോമുകൾ, ഡിജിറ്റൽ പേയ്മെന്റ് ലിങ്കുകൾ എന്നിവ വഴി ടിക്കറ്റ് വാങ്ങരുതെന്നും ഭാഗ്യക്കുറി വകുപ്പ് അറിയിച്ചു.

## കേരളത്തെ ആഗോള സെമികണ്ടക്ടർ ഹബ്ബാക്കി മാറ്റാൻ ലക്ഷ്യമിട്ട് സർക്കാർ

**തിരുവനന്തപുരം:** ഇന്ത്യയിൽ വരാനിരിക്കുന്ന സെമികണ്ടക്ടർ വിപ്ലവത്തിന്റെ ഭാഗമായി സംസ്ഥാനത്തേക്ക് വൻകിട നിക്ഷേപങ്ങൾ ആകർഷിക്കുന്നതിനായി മന്ത്രി പി. കെ. കുഞ്ഞാലിക്കുട്ടിയുടെ അധ്യക്ഷതയിൽ ഉന്നതതല യോഗം ചേർന്നു. ലോകം സാങ്കേതികവിദ്യയുടെ അടുത്ത ഘട്ടത്തിലേക്ക് കടക്കുമ്പോൾ, കേരളത്തെ ഒരു പ്രധാന സെമികണ്ടക്ടർ ഹബ്ബാക്കി മാറ്റുന്നതിനെക്കുറിച്ചുള്ള സുപ്രധാന ചർച്ചയാണ് മന്ത്രിയുടെ ഓഫീസിൽ നടന്നത്.

സെമികണ്ടക്ടർ ഉൽപ്പാദനത്തിന് ആവശ്യമായ പ്രകൃതി വിഭവങ്ങൾ, വൈദഗ്ധ്യമുള്ള മാനവ വിഭവശേഷി (ടസശഹഹലറ ഔാമി ഞലീൗൃരല), സാങ്കേതികവിദ്യയിലൂന്നിയ മികച്ച ഇക്കോസിസ്റ്റം എന്നിവ കേരളത്തിൽ ലഭ്യമാണ്. ഈ അനുകൂല ഘടകങ്ങളെ പരമാവധി പ്രയോജനപ്പെടുത്തി സംസ്ഥാനത്ത് നിക്ഷേപങ്ങൾ കൊണ്ടുവരാനാണ് സർക്കാർ ലക്ഷ്യമിടുന്നത്. അടുത്തിടെ ഡൽഹിയിൽ നടന്ന ആഗോള സെമികണ്ടക്ടർ കോൺഫറൻസിലെ ആശയങ്ങൾ ഉൾക്കൊണ്ടാണ് കേരളത്തിലും പുതിയ പദ്ധതികൾ ആവിഷ്കരിക്കുന്നത്. സെമികണ്ടക്ടർ ഉൽപ്പാദനത്തിൽ ആഗോള തലത്തിൽ മുൻപന്തിയിലുള്ള തായ്വാൻ, ദക്ഷിണ കൊറിയ, അമേരിക്ക തുടങ്ങിയ രാജ്യങ്ങളുടെ മാതൃക പിന്തുടർന്ന്, കേരളത്തിന്റെ വിഭവങ്ങളും സാധ്യതകളും ഉപയോഗപ്പെടുത്തി ഈ മേഖലയിൽ എങ്ങനെ അതിവേഗം മുന്നേറാം എന്നതായിരുന്നു യോഗത്തിന്റെ പ്രധാന അജണ്ട. തുടർനടപടികൾ വേഗത്തിലാക്കുന്നതിനായി വരും ദിവസങ്ങളിലും കൂടുതൽ ചർച്ചകൾ സംഘടിപ്പിക്കാൻ തീരുമാനിച്ചിട്ടുണ്ട്. മുൻ ഐ.എ.എസ് ഉദ്യോഗസ്ഥരായ മാധവൻ നമ്പ്യാർ, അരുണ സുന്ദർരാജൻ, കെ.എസ്.ഐ.ഡി.സി ചെയർമാൻ ബാലഗോപാൽ വ്യവസായ സെക്രട്ടറി എ.പി.എം മുഹമ്മദ് ഹനീഷ്, ഐ.ടി സെക്രട്ടറി സാംബശിവ റാവു തുടങ്ങിയവർ യോഗത്തിൽ പങ്കെടുത്തു.

# ബിസിനസിൽ 2,000 കോടിയുടെ ചരിത്രനേട്ടവുമായി തൃപ്പൂണിത്തുറ പീപ്പിൾസ് അർബൻ സഹകരണ ബാങ്ക്

### നവീകരിച്ച തോപ്പുംപടി ശാഖ ജൂലൈ 24ന് തുറക്കും

**തൃപ്പൂണിത്തുറ:** മികച്ച പ്രവർത്തന മികവിലൂടെ സംസ്ഥാനത്തെ സഹകരണ ബാങ്കിംഗ് മേഖലയിൽ പുതിയ ചരിത്രമെഴുതി തൃപ്പൂണിത്തുറ ആസ്ഥാനമായി പ്രവർത്തിക്കുന്ന പീപ്പിൾസ് അർബൻ സഹകരണ ബാങ്ക്.

2,000 കോടി രൂപയുടെ ബിസിനസ് പിന്നിട്ട ബാങ്ക്, കേരളത്തിലെ 57ലധികം വരുന്ന അർബൻ ബാങ്കുകളിൽ 1,000 കോടിക്ക് മുകളിൽ നിക്ഷേപമുള്ള 'ടയർ3' വിഭാഗത്തിൽ ഏറ്റവും കൂടുതൽ നിക്ഷേപമുള്ള ബാങ്കെന്ന റെക്കോർഡും നിലനിർത്തി. മികച്ച അർബൻ ബാങ്കുകൾക്കായി സംസ്ഥാന സർക്കാർ നൽകുന്ന പുരസ്കാരം ഇത്തവണയും സ്വന്തമാക്കിയ പീപ്പിൾസ് അർബൻ ബാങ്കിന്, പ്രവാസികൾക്കായി എൻ.ആർ.ഐ (NRI) അക്കൗണ്ടുകൾ ആരംഭിക്കാനുള്ള റിസർവ് ബാങ്കിന്റെ പ്രത്യേക അനുമതിയും ലഭിച്ചുകഴിഞ്ഞു.

നിലവിൽ എറണാകുളം ജില്ലയിലുടനീളം 27 ശാഖകളുള്ള ബാങ്ക്, യു.പി.ഐ (UPI), ഐ.എം.പി.എസ് (IMPS), മൊബൈൽ ബാങ്കിംഗ് തുടങ്ങി മുൻനിര പൊതുമേഖലാസ്വകാര്യ ബാങ്കുകളോട് കിടപിടിക്കുന്ന അത്യാധുനിക ഡിജിറ്റൽ സേവനങ്ങളാണ് ഉപഭോക്താക്കൾക്കായി നൽകി വരുന്നത്.




ഇതിന്റെ തുടർച്ചയായി, തോപ്പുംപടി ബി.ഒ.ടി പാലത്തിന് സമീപമുള്ള ശാഖ എല്ലാവിധ ആധുനിക സൗകര്യങ്ങളോടും കൂടി നവീകരിച്ച് ഈമാസം (ജൂലൈ) 24ന് ബാങ്ക് പ്രസിഡന്റ് ടി.സി. ഷിബു ഉദ്ഘാടനം ചെയ്യും. തുടർന്ന് ജൂലൈ 26ന് നടക്കുന്ന ബാങ്കിന്റെ വാർഷിക പൊതുയോഗത്തിൽ 2025-26 സാമ്പത്തിക വർഷത്തെ ലാഭവിഹിതം പ്രഖ്യാപിക്കുമെന്നും, ചടങ്ങിൽ എസ്.എസ്.എൽ.സി, ഹയർ സെക്കണ്ടറി പരീക്ഷകളിൽ ഉന്നതവിജയം നേടിയ ബാങ്ക് അംഗങ്ങളുടെയും ജീവനക്കാരുടെയും മക്കളെ ക്യാഷ് അവാർഡ് നൽകി ആദരിക്കുമെന്നും ബാങ്ക് ഭരണസമിതി ഭാരവാഹികൾ വാർത്താസമ്മേളനത്തിൽ അറിയിച്ചു.

# മ്യൂച്വൽ ഫണ്ട് ക്ലെയിം നടപടികൾ ലളിതമാക്കി ആംഫി

**കൊച്ചി:** മ്യൂച്വൽ ഫണ്ട് നിക്ഷേപകരുടെ മരണശേഷം അവകാശികൾക്ക് യൂണിറ്റുകളോ തുകയോ ക്ലെയിം ചെയ്യുന്നതിനുള്ള നടപടിക്രമങ്ങൾ ലളിതമാക്കി അസോസിയേഷൻ ഓഫ് മ്യൂച്വൽ ഫണ്ട്സ് ഇൻ ഇന്ത്യ. നോമിനികൾക്കും നിയമാനുസൃത അവകാശികൾക്കും ക്ലെയിം നടപടികൾ വേഗത്തിലും തടസ്സരഹിതമായും പൂർത്തിയാക്കാൻ സഹായിക്കുന്നതാണ് പുതിയ മാർഗ്ഗനിർദ്ദേശങ്ങൾ.

ക്ലെയിം നടപടികൾക്കിടെ കുടുംബങ്ങൾ നേരിടുന്ന ബുദ്ധിമുട്ടുകളും ചെറിയ രേഖാപരമായ പിശകുകൾ മൂലമുള്ള കാലതാമസവും ഒഴിവാക്കാനാണ് ഈ തീരുമാനം. ഇതിന്റെ ഭാഗമായി മരിച്ച യൂണിറ്റ് ഉടമയുടെ രേഖകളിലെ മേൽവിലാസത്തിൽ പൊരുത്തക്കേടുകൾ ഉണ്ടെങ്കിൽ ആധികാരിക രേഖകളുടെ അടിസ്ഥാനത്തിൽ ലഭ്യമായ ഏറ്റവും പുതിയ മേൽവിലാസം അംഗീകരിക്കാൻ അസറ്റ് മാനേജ്മെന്റ് കമ്പനികൾക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്.

അതുപോലെ യൂണിറ്റ് ഉടമയുടെ പേരിലോ ഒപ്പിലോ പൊരുത്തക്കേടുകൾ ഉണ്ടായാൽ 2026 ഫെബ്രുവരി 6-ലെ സെബി മാസ്റ്റർ സർക്കുലറിലെ വ്യവസ്ഥകൾ മാതൃകയാക്കി അവ പരിഹരിക്കുന്നതിനുള്ള നടപടിക്രമവും സ്വീകരിക്കും.

പുതുക്കിയ സ്റ്റാൻഡേർഡ് ഓപ്പറേറ്റിങ് പ്രൊസീജർ എല്ലാ മെമ്പർ അസറ്റ് മാനേജ്മെന്റ് കമ്പനികൾക്കും കൈമാറിയിട്ടുണ്ടെന്നും ഇത് ഉടൻ പ്രാബല്യത്തിൽ വരുമെന്നും ആംഫി അറിയിച്ചു. പുതിയ നടപടിക്രമങ്ങൾ ഫലപ്രദമായി നടപ്പാക്കുന്നതിനായി എല്ലാ മെമ്പർ അസറ്റ് കമ്പനികൾക്കും പരിശീലന പരിപാടികളും സംഘടിപ്പിക്കും.

# ശരിയായ മാർഗനിർദേശത്തോടെ നിക്ഷേപം; പുതിയ ക്യാംപെയ്നുമായി ഫണ്ട്സ്ഇന്ത്യ

**ബെംഗളൂരു:** ഇന്ത്യയിൽ നിക്ഷേപകരുടെ എണ്ണം വർധിക്കുന്ന സാഹചര്യത്തിൽ അറിവോടെയുള്ള നിക്ഷേപ തീരുമാനങ്ങളുടെ പ്രാധാന്യം ഉയർത്തിക്കാട്ടി 'സഹി ഗൈഡൻസ്. സഹി ബാലൻസ്' എന്ന ബോധവത്കരണ ക്യാംപെയ്ൻ ഫണ്ട്സ്ഇന്ത്യ ആരംഭിച്ചു. ദീർഘകാല സമ്പത്ത് സൃഷ്ടിക്കാൻ ശരിയായ സാമ്പത്തിക മാർഗനിർദേശവും അച്ചടക്കമുള്ള നിക്ഷേപ സമീപനവും അനിവാര്യമാണെന്ന സന്ദേശമാണ് ക്യാംപെയ്ൻ മുന്നോട്ടുവയ്ക്കുന്നത്.

15,000-ലധികം നിക്ഷേപകരുമായുള്ള ആശയവിനിമയത്തിലും അവരുടെ പോർട്ട്ഫോളിയോകളുടെ വിശകലനത്തിലും നിന്ന്, പലരും സോഷ്യൽ മീഡിയയിലെ നിക്ഷേപ നിർദേശങ്ങളെയും ഹ്രസ്വകാല വിപണി പ്രവണതകളെയും ആശ്രയിക്കുന്ന പ്രവണത തുടരുന്നതായി ഫണ്ട്സ്ഇന്ത്യ വ്യക്തമാക്കി.

ദീർഘകാല സാമ്പത്തിക ലക്ഷ്യങ്ങൾ കൈവരിക്കാൻ വിദഗ്ധ മാർഗനിർദേശവും ലക്ഷ്യാധിഷ്ഠിത നിക്ഷേപവും ആവശ്യമാണ് എന്ന സന്ദേശം പ്രചരിപ്പിക്കുന്നതിനായി ഡിജിറ്റൽ, സോഷ്യൽ മീഡിയ പ്ലാറ്റ്ഫോമുകളിലൂടെയാണ് ക്യാംപെയ്ൻ നടപ്പാക്കുന്നത്.

# ഇന്ത്യയിലെ ഏറ്റവും മൂല്യമേറിയ 20 ബ്രാൻഡുകളിൽ എച്ച്പിസിഎൽ

**മുംബൈ:** ബ്രാൻഡ് ഫിനാൻസ് പുറത്തിറക്കിയ 'ബ്രാൻഡ് ഫിനാൻസ് ഇന്ത്യ 100 2026' റാങ്കിംഗിൽ ഇന്ത്യയിലെ ഏറ്റവും മൂല്യമേറിയ 20 ബ്രാൻഡുകളിൽ ഹിന്ദുസ്ഥാൻ പെട്രോളിയം കോർപ്പറേഷൻ ലിമിറ്റഡ് (എച്ച്പിസിഎൽ) ഇടം നേടി. തുടർച്ചയായ രണ്ടാം വർഷമാണ് എച്ച്പിസിഎൽ ഈ നേട്ടം സ്വന്തമാക്കുന്നത്.

ഉപഭോക്തൃവിശ്വാസം, ബ്രാൻഡിന്റെ കരുത്ത്, സാമ്പത്തിക പ്രകടനം എന്നിവ അടിസ്ഥാനമാക്കിയുള്ള വിലയിരുത്തലിലാണ് റാങ്കിംഗ് തയ്യാറാക്കിയത്. ഇന്ധന വിതരണ ശൃംഖല, എൽപിജി വിതരണം, റിഫൈനിങ്, ഡിജിറ്റൽ സേവനങ്ങൾ എന്നിവയിൽ ശക്തമായ സാന്നിധ്യം നിലനിർത്തുന്നതിനൊപ്പം ശുദ്ധ ഊർജം, സാങ്കേതിക നവീകരണം, ഡിജിറ്റൽ പരിവർത്തനം എന്നിവയിലും എച്ച്പിസിഎൽ കൂടുതൽ നിക്ഷേപം തുടരുകയാണെന്ന് കമ്പനി അറിയിച്ചു.

## ലുലു ഫൺട്യൂറ ടെൻ പിൻ ബോളിങ് ടൂർണമെന്റിൽ വിജയിയായി ഷാബിൻ ഇബ്രാഹിം

**കൊച്ചി:** ലുലു ഫൺട്യൂറയുടെ ആഭിമുഖ്യത്തിൽ സംഘടിപ്പിച്ച ടെൻ പിൻ ബോളിങ് ടൂർണമെന്റിൽ വിജയിയായി എറണാകുളം സ്വദേശി ഷാബിൻ ഇബ്രാഹിം. ജേതാവിന് ഫൺട്യൂറ നൽകിയ ഐഫോൺ 17 സീരിസ് ഫോണും ട്രോഫിയും സമ്മാനിച്ചു. രണ്ടാം സ്ഥാനം നേടിയ മാഞ്ഞാലി സ്വദേശി സി. ഐ.ഷാബിന് 25,000 രൂപയുടെ സ്മാർട്ട് ഫോണും മൂന്നാം സ്ഥാനം നേടിയ അമിത് ഉപാധ്യായയക്ക് 10,000 രൂപയുടെ ക്യാഷ് അവാർഡും ട്രോഫിയും സമ്മാനിച്ചു.

തമിഴ്നാട്ടിൽ നിന്നുള്ള മഹിപാൽ സിങ്ങ് മത്സരത്തിന്റെ ടോപ് സ്കോററായി. വിവിധ സംസ്ഥാനങ്ങളിൽ നിന്നായി 35 ലധികം മത്സരാർത്ഥികളാണ് ടെൻ പിൻ ബോളിങ് ടൂർണമെന്റിൽ മത്സരിച്ചത്. ഒരാഴ്ച നടന്ന ടൂർണമെന്റിൽ നിന്നും 9 പേർ സെമി ഫൈനലിലും 6 പേർ ഫൈനലിലും മത്സരിച്ചു.

# സി.എസ്.ആർ പ്രവർത്തനങ്ങളിലൂടെ 33.7 ലക്ഷം പേർക്ക് തണലായി മുത്തൂറ്റ് ഫിനാൻസ്;

**കൊച്ചി:** സുസ്ഥിര വികസനവും സമഗ്രമായ സാമൂഹിക ക്ഷേമവും ലക്ഷ്യമിട്ട് മുത്തൂറ്റ് ഫിനാൻസ് 2026-27 സാമ്പത്തിക വർഷത്തെ കോർപ്പറേറ്റ് സോഷ്യൽ റെസ്പോൺസിബിലിറ്റി ഫണ്ടിലേക്ക് 174.03 കോടി രൂപ വകയിരുത്തി. 2025-26 സാമ്പത്തിക വർഷം സി.എസ്.ആർ പ്രവർത്തനങ്ങൾക്കായി 106.42 കോടി രൂപയാണ് കമ്പനി ചിലവഴിച്ചത്. ആരോഗ്യം, വിദ്യാഭ്യാസം, ഭവന നിർമ്മാണം, ഉപജീവന സഹായം, കായികം തുടങ്ങിയ മേഖലകളിലൂടെ രാജ്യത്തുടനീളം ഏകദേശം 33.7 ലക്ഷം ഗുണഭോക്താക്കൾക്കാണ് ഇതിന്റെ പ്രയോജനം ലഭിച്ചത്. വിദ്യാഭ്യാസ മേഖലയ്ക്ക് കൈത്താങ്ങായ മുത്തൂറ്റ് എം. ജോർജ്ജ് എക്സലൻസ് അവാർഡ്, മുത്തൂറ്റ് എം. ജോർജ്ജ് ഹയർ എഡ്യൂക്കേഷൻ സ്കോളർഷിപ്പ്, മുത്തൂറ്റ് ശിക്ഷാ ജ്യോതി തുടങ്ങിയ പദ്ധതികളിലൂടെ സാമ്പത്തികമായി പിന്നോക്കം നിൽക്കുന്ന 11,900-ഓളം വിദ്യാർത്ഥികൾക്ക് സഹായം നൽകി. മുത്തൂറ്റ് സ്നേഹാശ്രയ ഉൾപ്പടെയുള്ള ആരോഗ്യ പദ്ധതികളിലൂടെ ഒരു ലക്ഷത്തിലധികം ആളുകൾക്ക് മെഡിക്കൽ ഔട്ട്രീച്ച് പ്രോഗ്രാമുകൾ, പുനരധിവാസ സഹായം, ചികിത്സാ സൗകര്യങ്ങൾ ഉൾപ്പെടെയുള്ള ആരോഗ്യ സംരക്ഷണ പരിപാടികൾ ലഭ്യമാക്കി. ദുരന്തബാധിതർക്കും നിർധന കുടുംബങ്ങൾക്കും സുരക്ഷിതമായ പാർപ്പിടം ഒരുക്കുന്നതിനുള്ള മുത്തൂറ്റ് ആഷിയാന ഭവന പദ്ധതി പ്രകാരം 2018 മുതൽ ഇതുവരെ 270-ലധികം വീടുകളും നിർമ്മിച്ച് നൽകിയിട്ടുണ്ട്.

കായിക മേഖലയ്ക്കുള്ള പിന്തുണയായി ഹർഡ്ലർ കിരൺ കെ, സൈക്ലിസ്റ്റ് ശ്രീനാഥ് ലക്ഷ്മികാന്ത്, റോളർ സ്കേറ്റർ എ.എ അബ്ന, അന്താരാഷ്ട്ര സ്വർണ്ണ മെഡൽ ജേതാവായ ഭിന്നശേഷി താരം സിനി കെ. സെബാസ്റ്റ്യൻ തുടങ്ങിയ വളർന്നു വരുന്ന കായിക പ്രതിഭകളെയും കമ്പനി സ്പോൺസർ ചെയ്യുന്നുണ്ട്.

മുത്തൂറ്റ് സൗണ്ട്സ്കേപ്പ് പദ്ധതിയിലൂടെ കേരളം, ഹൈദരാബാദ്, മുംബൈ എന്നിവിടങ്ങളിലെ 267 കുട്ടികൾക്കാണ് പ്രയോജനം ലഭിച്ചത്. ജയിൽ അന്തേവാസികളുടെ മാനസിക ഉല്ലാസത്തിനായി റേഡിയോ പർവാസ് എന്ന ഇൻ-ഹൗസ് റേഡിയോ പ്ലാറ്റ്ഫോം, മത്സ്യത്തൊഴിലാളി വനിതകൾക്കായി ബോക്സ് ഓഫ് ഹോപ്പ്, തമിഴ്നാട്ടിലെ തീരദേശ മേഖലയ്ക്ക് മാരിടൈം സേഫ്റ്റി പ്രോഗ്രാം, ആദിവാസി-പിന്നോക്ക വിദ്യാർത്ഥികൾക്ക് സൈക്കിൾ നൽകുന്ന പെഡൽ ഫോർ പ്രോഗ്രസ്, ഒഡീഷയിലെ ഗോത്രമേഖലയിൽ ജീവിതശൈലീ രോഗനിർണ്ണയത്തിനായുള്ള ആശ കിരൺ സൊസൈറ്റി പ്രോഗ്രാം തുടങ്ങിയവയും വിജയകരമായി തുടരുന്നു.




# പരിസ്ഥിതി സൗഹൃദ ടൂറിസത്തിന് കരുത്തേകാൻ സിഎംഎഫ്ആർഐ

## ടൂറിസ്റ്റ് ഗൈഡുകൾക്ക് ശാസ്ത്രീയ പരിശീലനം

**കൊച്ചി:** കേരളത്തിന്റെ കടൽ കായലോര മേഖലകളിൽ ഉത്തരവാദിത്ത ഇക്കോടൂറിസം പ്രോത്സാഹിപ്പിക്കുന്നതിന് വേറിട്ട നീക്കവുമായി കേന്ദ്ര സമുദ്രമത്സ്യ ഗവേഷണ സ്ഥാപനം (സിഎംഎഫ്ആർഐ). പരിസ്ഥിതി സൗഹൃദ ടൂറിസത്തിന് കരുത്ത് പകരുന്നതിനൊപ്പം സമുദ്ര സംരക്ഷണ ബോധവൽകരണം കൂടി ഉന്നമിട്ടുള്ളതാണ് പുതിയ പദ്ധതി. ടൂറിസ്റ്റ് ഗൈഡുകളെ പരിശീലനം നൽകി കേരളത്തിന്റെ തീരദേശ പൈതൃക അംബാസിഡർമാരാക്കി മാറ്റുകയും അവരിലൂടെ കടലറിവുകളും തീരദേശ സംരക്ഷണപാഠങ്ങളും സഞ്ചാരികളിലെത്തിക്കുകയുമാണ് ലക്ഷ്യം. ആദ്യഘട്ടത്തിൽ സംസ്ഥാനത്തെ 24 സർക്കാർ അംഗീകൃത ടൂറിസ്റ്റ് ഗൈഡുകൾക്കുള്ള ശാസത്രീയ പരിശീലനം പൂർത്തിയായി.

കഴിഞ്ഞ വർഷം സിഎംഎഫ്ആർഐ ആരംഭിച്ച ജനപ്രിയ ബോധവൽക്കരണ പരിപാടിയായ 'ഫിഷ് വോക്കിന്റെ' തുടർപ്രവർത്തനമാണ് ഈ പദ്ധതി. കേരളത്തിലെ കായലുകളും കടൽതീരങ്ങളും സന്ദർശിക്കാനെത്തുന്ന വിനോദസഞ്ചാരികളുമായി നേരിട്ട് ഇടപെടുന്ന ടൂറിസം പ്രൊഫഷണലുകളിൽ ശാസ്ത്രീയമായ അവബോധമുണ്ടാക്കുകയാണ് ലക്ഷ്യം.

സിഎംഎഫ്ആർഐയിൽ നടന്ന ഇന്ത്യൻ കാർഷിക ഗവേഷണ കൗൺസിലിന്റെ 98-ാമത് സ്ഥാപക ദിനാഘോഷത്തോടനുബന്ധിച്ച് നടന്ന പരിശീലനത്തിന്റെ സമാപന ചടങ്ങിൽ കൊച്ചി മേയർ അഡ്വ. വി.കെ. മിനിമോൾ പരിശീലനം പൂർത്തിയാക്കിയവർക്ക് സർട്ടിഫിക്കറ്റുകൾ വിതരണം ചെയ്തു.

കേരളത്തിലെ പരമ്പരാഗതവും സമകാലികവുമായ മത്സ്യബന്ധന രീതികൾ, സമുദ്ര ജൈവവൈവിധ്യം, കടൽതീരങ്ങൾ, പാറക്കെട്ടുകൾ, അഴിമുഖങ്ങൾ, കണ്ടൽക്കാടുകൾ, കായലുകൾ, ആഴക്കടൽ ആവാസവ്യവസ്ഥ എന്നിവയെക്കുറിച്ചുള്ള ശാസ്ത്രീയ അറിവുകൾ പകർന്നുനൽകി. കൂടാതെ, സമുദ്രോത്പന്ന കയറ്റുമതിയെക്കുറിച്ചും കൂട് മത്സ്യകൃഷി (മാരികൾച്ചർ) അടക്കമുള്ള ആധുനിക രീതികളെക്കുറിച്ചും ഗൈഡുകളെ ബോധവൽക്കരിച്ചു. ചെല്ലാനം ഫിഷിംഗ് ഹാർബർ, പുത്തൻതോട് ബീച്ച്, കോട്ടപ്പുറത്തെ കൂട് മത്സ്യകൃഷി ഫാമുകൾ, പനമ്പുകാട് കണ്ടൽക്കാടുകൾ എന്നിവിടങ്ങളിൽ സന്ദർശനം നടത്തി.

പ്രാദേശിക ജീവനോപാധികൾ ഉറപ്പാക്കുന്നതും സമുദ്ര പരിസ്ഥിതിയെ സംരക്ഷിക്കുന്നതുമായ ഒരു വിനോദ സഞ്ചാര സംസ്കാരം വളർത്തിയെടുക്കാനാണ് ഈ പദ്ധതിയെന്ന് സി.എംഎഫ്ആർഐ ഡയറക്ടർ ഡോ ഗ്രിൻസൺ ജോർജ് പറഞ്ഞു. ഓരോ വർഷവും ആയിരക്കണക്കിന് സഞ്ചാരികളുമായി ഇടപഴകുന്ന ടൂറിസ്റ്റ് ഗൈഡുകൾക്ക് സമുദ്രസംരക്ഷണത്തിന്റെ സന്ദേശം വളരെ വേഗത്തിൽ ജനങ്ങളിലേക്ക് എത്തിക്കാൻ സാധിക്കുമെന്നാണ് കരുതുന്നത്.

കേരളത്തിന്റെ തനത് തീരദേശ പൈതൃകവും പരമ്പരാഗത കടലറിവുകളും ഇക്കോടൂറിസം രംഗത്ത് വലിയ സാധ്യതകൾ തുറക്കുമെന്ന് കൊച്ചി മേയർ വി കെ മിനിമോൾ പറഞ്ഞു. പ്ലാസ്റ്റിക് മലിനീകരണം കുറയ്ക്കാനും പരിസ്ഥിതി സൗഹൃദമായ ഒരു പുതിയ ടൂറിസം സംസ്കാരം വളർത്തിയെടുക്കാനും ഇത്തരം ശാസ്ത്രീയമായ പരിശീലനങ്ങൾ സഹായിക്കുമെന്നും മേയർ വ്യക്തമാക്കി.

# ഫുട്ബോൾ ആവേശത്തിൽ ഇന്ത്യ; ക്യാമ്പെയ്ന്റെ ഭാഗമായി കൊക്ക-കോള

കൊച്ചി: ഫുട്ബോൾ ലോകകപ്പ് കാലത്ത് ഇന്ത്യയിലെ അസാധാരണമായ ആരാധക ആവേശം ആഘോഷമാക്കാൻ ഒരുങ്ങുകയാണ് കൊക്ക-കോള. 'നഷ്ടപ്പെട്ട ശബ്ദങ്ങൾ' (ദി ലോസ്റ്റ് വോയ്സസ്) എന്ന പേരിൽ ആരംഭിച്ച പുതിയ പ്രചാരണത്തിലൂടെ, കളി കാണുന്നതിനിടയിൽ ആവേശത്താൽ ശബ്ദം നഷ്ടപ്പെടുന്ന ഫുട്ബോൾ ആരാധകരുടെ യഥാർത്ഥ വികാരങ്ങളെയാണ് കമ്പനി ഉയർത്തിക്കാട്ടുന്നത്.

1955 മുതൽ ഇന്ത്യ ലോകകപ്പിൽ കളിച്ചിട്ടില്ലെങ്കിലും, കേരളം, ഗോവ, അസം, പശ്ചിമ ബംഗാൾ തുടങ്ങി രാജ്യത്തിന്റെ വിവിധ ഭാഗങ്ങളിലുള്ള ദശലക്ഷക്കണക്കിന് ആരാധകർ സ്വന്തം രാജ്യം കളിക്കുന്ന അതേ ആവേശത്തോടെയാണ് ആഗോള ടീമുകളെ പിന്തുണയ്ക്കുന്നത്.

ആരാധകർ മത്സരങ്ങൾ കാണുമ്പോൾ അനുഭവിക്കുന്ന തീവ്രമായ




വികാരങ്ങളെയും, ആർപ്പുവിളികൾക്കിടയിൽ ശബ്ദം നഷ്ടപ്പെടുന്ന അവസ്ഥയെയും ഈ പ്രചാരണം ആഘോഷിക്കുന്നു. അഭിനേതാക്കളെ ഉപയോഗിക്കുന്നതിന് പകരം, യഥാർത്ഥ ഫുട്ബോൾ ആരാധകരെയാണ് കൊക്ക-കോള തങ്ങളുടെ കഥപറച്ചിലിന്റെ ഭാഗമാക്കുന്നത്.

ഈ ആരാധകരുടെ യഥാർത്ഥ ശബ്ദങ്ങൾ ബ്രാൻഡിന്റെ സാമൂഹിക മാധ്യമങ്ങളിലൂടെ ലോകത്തിന് മുന്നിലെത്തിക്കാനാണ് കമ്പനിയുടെ തീരുമാനം. ആഗോളതലത്തിൽ കൊക്ക-കോള പിന്തുടരുന്ന 'എല്ലാം അനുഭവിക്കുക' (ഫീൽ ഇറ്റ് ഓൾ) എന്ന പ്ലാറ്റ്ഫോമിന് കീഴിലാണ് ഈ പരിപാടി സംഘടിപ്പിക്കുന്നത്.

കൊക്ക-കോള ഇന്ത്യ & സൗത്ത് വെസ്റ്റ് ഏഷ്യ മാർക്കറ്റിംഗ് സീനിയർ ഡയറക്ടർ കാർത്തിക് സുബ്രഹ്മണ്യൻ പറയുന്നതനുസരിച്ച്, ഫുട്ബോൾ ആരാധകർക്ക് അതിരുകളില്ലാത്ത വികാരമാണുള്ളതെന്നും, അവരുടെ ഈ ആവേശത്തെ അംഗീകരിക്കുന്നതിലൂടെ ലോകകപ്പ് കാലത്തെ ആചാരങ്ങളെയും ഒരുമയെയും കമ്പനി ആദരിക്കുകയാണെന്നും അദ്ദേഹം വ്യക്തമാക്കി.

ഒഗിൽവി ഇന്ത്യയുടെ നേതൃത്വത്തിലാണ് ഈ പ്രചാരണം രൂപകൽപ്പന ചെയ്തിരിക്കുന്നത്.




# ഇന്ത്യൻ ഭാഷകളിൽ എഐ അധിഷ്ഠിത ബാങ്കിംഗ് സേവനങ്ങൾക്കായി പിഎൻബി ഭാഷിണി ധാരണാപത്രം

**ന്യൂഡൽഹി:** വിവിധ ഇന്ത്യൻ ഭാഷകളിൽ എഐ അധിഷ്ഠിത ബാങ്കിംഗ് സേവനങ്ങൾക്കായി പഞ്ചാബ് നാഷണൽ ബാങ്ക് (പിഎൻബി) ഡിജിറ്റൽ ഇന്ത്യയുടെ ഭാഷിണി വിഭാഗവുമായി ധാരണാപത്രത്തിൽ ഒപ്പുവച്ചു. ഇതോടെ ബാങ്കിന്റെ ഡിജിറ്റൽ പ്ലാറ്റ്ഫോമുകളിൽ ഭാഷിണിയുടെ ബഹുഭാഷാ കൃത്രിമബുദ്ധി (എഐ) സാങ്കേതികവിദ്യ സംയോജിപ്പിച്ച് ഉപഭോക്താക്കൾക്ക് വിവിധ ഇന്ത്യൻ ഭാഷകളിൽ വോയ്സിലൂടെയും ടെക്സ്റ്റിലൂടെയും ബാങ്കിംഗ് സേവനങ്ങൾ ലഭ്യമാക്കും.

ഈ സഹകരണത്തിലൂടെ ഭാഷാ തടസങ്ങൾ കുറച്ച് കൂടുതൽ ആളുകളിലേക്ക് ഡിജിറ്റൽ ബാങ്കിംഗ് സേവനങ്ങൾ എത്തിക്കാനാകുമെന്ന് പിഎൻബി എക്സിക്യൂട്ടീവ് ഡയറക്ടർ എം. പരമശിവം പറഞ്ഞു.

ഉപഭോക്തൃസൗഹൃദവും എല്ലാവരെയും ഉൾക്കൊള്ളുന്നതുമായ ഡിജിറ്റൽ ബാങ്കിംഗ് സംവിധാനമാണ് ഇതിലൂടെ ലക്ഷ്യമിടുന്നതെന്നും അധികൃതർ അറിയിച്ചു



# മോട്ടോറോള എഡ്ജ് 70 മാക്സ് പുറത്തിറക്കി

**ന്യൂഡൽഹി:** സ്മാർട്ട്ഫോൺ ബ്രാൻഡായ മോട്ടോറോള തങ്ങളുടെ പുതിയ ഫ്ലാഗ്ഷിപ്പ് സ്മാർട്ട്ഫോൺ മോട്ടോറോള എഡ്ജ് 70 മാക്സ് ഇന്ത്യൻ വിപണിയിൽ അവതരിപ്പിച്ചു. സ്നാപ്ഡ്രാഗൺ 8 ജെൻ 5 പ്രോസസർ, 6.8 ഇഞ്ച് ക്വാഡ് എച്ച്ഡി+ (2കെ) എക്സ്ട്രീം അമോലെഡ് ഡിസ്പ്ലേ, 7,100 എംഎഎച്ച് സിലിക്കൺ-കാർബൺ ബാറ്ററി, 90 വാട്ട് ടർബോപവർ ഫാസ്റ്റ് ചാർജിങ്, 25 വാട്ട് ക്യൂഐ2 മാഗ്നറ്റിക് വയർലെസ് ചാർജിങ് എന്നിവയാണ് ഫോണിന്റെ പ്രധാന സവിശേഷതകൾ.

50 മെഗാപിക്സൽ സോണി ലിറ്റിയ 710 പ്രധാന ക്യാമറ, എഐ അധിഷ്ഠിത ഇമേജിങ്, 32 മെഗാപിക്സൽ ഫ്രണ്ട് ക്യാമറ, ഐപി68/ഐപി69 വാട്ടർ-ഡസ്റ്റ് റെസിസ്റ്റൻസ്, എംഐഎൽ-എസ്ടിഡി-810എച്ച് മിലിട്ടറി ഗ്രേഡ് ഡ്യൂറബിലിറ്റി എന്നിവയും ഫോണിലുണ്ട്. മോട്ടോറോളയുടെ പുതിയ 'കിറ' എഐ പ്ലാറ്റ്ഫോമിനെ പിന്തുണയ്ക്കുന്ന ആദ്യ സ്മാർട്ട്ഫോൺ കൂടിയാണിത്.

8 ജിബി + 256 ജിബി, 12 ജിബി + 256 ജിബി വേരിയന്റുകളിൽ ലഭ്യമാകുന്ന എഡ്ജ് 70 മാക്സിന്റെ പ്രാരംഭ ഓഫർ വില 49,999 രൂപയാണ്. ജൂലൈ 20 മുതൽ ഫ്ലിപ്കാർട്ട്, മോട്ടോറോളയുടെ ഔദ്യോഗിക വെബ്സൈറ്റ്, പ്രമുഖ റീട്ടെയിൽ സ്റ്റോറുകൾ എന്നിവ വഴി ഫോൺ വിൽപ്പനയ്ക്കെത്തും.

RNI No:KERMAL/2018/76135 Society Today Magazine-Special Issue-Private circulation, Kochi-26, 0484-3512288 , Kerala.E-mail-societytodaynews@gmail.com